**MTM College**
of Arts, Science & Commerce
Pazhanji, Veliyankode, Kerala.

# കാലത്തിന്റെ കയ്യൊപ്പുകൾ



Magazine
2018-19


Akbar Travels of India Pvt. Ltd.
Akbar Group
akbar®
travels.com
Akbar Holidays
ഹജ്ജ് & ഉംറ
ബുക്കിംങ്ങ് തുടരുന്നു
0494 2678666 8593044422
വെളിയങ്കോട്
DOMESTIC AND INTERNATIONAL HOLIDAY PACKAGES
GUARANTEED LOWEST AIRFARES FOR ALL DESTINATIONS
Delhi
Kerala
Rajasthan
Italy
Paris
Malaysia
U.S.A
SINGAPORE
UNITED KINGDOM
THAILAND
SWITZERLAND & SCHENGAN
DUBAI
ALL VISA & PASSPORT PROCESSED UNDER ONE ROOF
VISA & PASSPORT SERVICES
UAE
വിസിറ്റിങ്ങ് വിസ
30/90 DAYS

**MTM College**
of Arts, Science & Commerce

# സമർപ്പണം



ഓഖിയിലും
നിപയിലും
മഹാപ്രളയത്തിലും
ജീവൻ
പൊലിഞ്ഞുപോയവരുടെ
സ്മരണയ്ക്കു
മുന്നിൽ.......



കാലത്തിന്റെ
**കയ്യൊപ്പുകൾ**



Pazhnji, Veliyankode, Malappuram, Kerala
Ph. : 0494 2675 400, Web : mtmcollege.net

**M.T.M. COLLEGE**
**of Arts, Science & Commerce**
Pazhanji, Veliyankode,
Malappuram, Kerala
Ph.:- 0494 - 2675 400,
9220 875 400, 9447 947 684
e-mail: mtmcolleges@gmail.com
Web: mtmcollege.net

# EDITORIAL BOARD

Chief Editor
**Prof. N. Abdul Hameed**

Staff Editor
**Unnikrishnan**

Student Editor
**Nidheesh Dhanraj T.**

Editorial Board
**Irshad K**
**Jidhin K S**
**Sudev**
**Muhammed Haneefa**
**Sneha**
**Mubashir**
**Ashker**
**Midhulaj**
**Poja**
**Basith**
**Irshad M A**
**Mishal**

Layout & Desiging
**Root Printers**

Printed At
**Root Printers**
**Thrissur-26**
**Ph: 2448874**

Place of Publication
**MTM College of Arts, Science & Commerce, Pazhanji, Veliyankode**

Periodicity of Publication
**Annual**

Printer's Name
**Prof. N. Abdul Hameed**

Nationality
**Indian**

Address
**Principal, MTM College of Arts, Science & Commerce**
**Pazhanji, Veliyankode, Pin : 679579**

## Owner ship

I, Prof. N. Abdul Hameed, here by declare that the particulars given above are true, to the best of my knowledge and belief.

Sd/
Prof. N. Abdul Hameed



# എഡിറ്റോറിയൽ

അന്ന്...
ഹരിതവർണ്ണത്തിലാറാടി പ്രകൃതി....
സുവർണ്ണകഞ്ചുകമണിഞ്ഞ് വയലേലകൾ...
ആമോദാരവത്തോടെ പക്ഷിമൃഗാദികൾ....
അപ്പോഴും... അപ്പോഴും....
മാനവകുലം?
ദേശത്തിന്റെ... കാലത്തിന്റെ.... വർണ്ണത്തിന്റെ....
വംശത്തിന്റെ... ജാതീയതയുടെ
അങ്ങനെയോരോന്നിന്റേയും
പേരിൽ കലഹിക്കുന്നു...
മണ്ണിന് മണമില്ല... ഗുണവും...
പ്രകൃതി....
പച്ചയും കത്തിയും കരിയും താടിയും
വേഷം കെട്ടിയാടാൻ തുടങ്ങി...
വറ്റിവരണ്ട നദികൾ.... തോടുകൾ... ജലാശയങ്ങൾ...
എന്തിനേറെ....? മാനവകുലത്തിന് ശേഷിപ്പായി...
ഒരിറ്റ് സ്നേഹം പോലും
കാലയവനികയ്ക്കുള്ളിലായി....

ഇന്ന്...
കപടതയുടെ നെഞ്ചുപിളർന്ന്...
സ്നേഹ സാന്ത്വനങ്ങളുടെ മൂർത്തികളായി
ഉറവവറ്റാത്ത പാരസ്പര്യത്തോടെ...
ഒഴുക്കിനെതിരെ നീന്തിക്കൊണ്ട്...
'ആഗോളവലയുടെ' കരാളഹസ്തങ്ങളിൽ നിന്ന്
മോചനം നേടി...
ചാരത്തിൽ നിന്നും ഉയിർക്കുന്ന
ചാരപക്ഷിയെപ്പോലെ...
മമതയുടെ മാലാഖകളായി....
പുച്ഛങ്ങളെ ചിരിച്ചുതള്ളിക്കൊണ്ട്...
നിർമ്മല പ്രണയത്തിന്റെ വെള്ളരിപ്രാവുകളായി...
ക്രമം തെറ്റുന്ന ഋതു പരിണാമങ്ങളെ നേരിട്ട്...
മനുഷ്യന്റെ സ്വാർത്ഥതയിൽ ഹോമിക്കപ്പെട്ട
ആയിരങ്ങളെ സ്മരിച്ചുകൊണ്ട്...
അന്ധവിശ്വാസത്തിന്റെ പടികുഴിയിൽപ്പെട്ടുഴറുന്നവന്റെ
ശാശ്വതരക്ഷയ്ക്കായി...
ഓഖിയും മഹാപ്രളയവും നിപയും ബാക്കിവെച്ച
ദുരിതങ്ങളെ നേരിടാൻ...
സമത്വസുന്ദരമായ പ്രാപഞ്ചിക സ്വർഗ്ഗം
നിങ്ങളെ കാണിക്കാൻ....
ഞങ്ങളുമുണ്ട്... നിങ്ങളോടൊപ്പം...
കാലത്തിന്റെ കയ്യൊപ്പുകളോടെ...

# Contents


വിദ്യാഭ്യാസം ക്രിയാത്മകമാകട്ടെ
Dr.V.K. Abdul Azeez

പ്ലാസ്റ്റിക്, ഡെസ്ക്, മനസ്സ്
Subaida P

ബാല്യസ്മരണയിൽ
Shahla Mariyam V

നൊമ്പരം
Shafna M

Girish Raghunath Karnad
Shahla Mariyam V

Friendship
Nidheesh Dhanraj T

Angel Mother
Sneha

ഇഷ്ടം

നിപ്പയും പ്രളയവും കടന്ന്
കേരളം മുന്നോട്ട്

Muhammed Uwayz

മഹാനായ വെളിയങ്കോട്
ഉമർഖാളി(റ) പറ്റി അറിയാത്തവർ
അറിഞ്ഞിരിക്കുക
Suhail Rasheed

ചങ്ങല, ഇരുട്ട്
Rahib

വിദ്യാലയം
Shaheeda K

കൂട്ടുകാർ
Muhamed Shabil

ഗുൽമോഹർ
Sudev

സ്നേഹമാണതിസാഗരം
Interview : Jaisal K P

അവരെന്റെ മക്കളാണ്, ഒരു യാത്രമൊഴി
Safareena T K

നവദേശസ്നേഹികൾ
Haneefa

അതിജീവനത്തിന്റെ നിപ,
ഒപ്പം കണ്ണീരിന്റേയും
Nesli Jasmin P A

ഓർമ്മയിലെ ബാല്യം
Ramsheena

ചെ ഗുവേര
Irshad K

പ്രളയം ബാക്കിവെച്ച ഓർമ്മകൾ
Nidheesh Dhanraj T

മനോഭാവം
Anees C

പെലകുളി
Unnikrishnan Panangad

Tears
Safareena T K

വിട
Haseeb Rahman

Day to Day Dreams
Asna

*Our Heartfelt Gratitude to the Supportive*

# MANAGEMENT



**Dr. V.K. ABDUL AZEEZ**
**Chairman**



**Prof. N. HAVAHUMMA**
**Secretary & Manager**




**N. SOUDABI B.Tech, MBA**
**Member**




**Dr. N SAHEER MS, MCH**
**Member**



അതിരുകൾ ഇല്ലാത്ത നിങ്ങളുടെ
ഇന്റീരിയർ സ്വപ്നങ്ങൾക്ക്
വിശ്വാസ്യതയോടെ സാക്ഷാൽക്കരിക്കാൻ
സംതൃപ്തരായ ഞങ്ങളുടെ
കസ്റ്റമേഴ്സിനോട് ചോദിച്ചറിയാം







PULLI
creations

AN INTERIOR DESIGN & LIFESTYLE AGENCY

RESIDENTIAL AND COMMERCIAL INTERIOR WORKS
Kitchen cabinets, Wardrobes, Bedrooms, Partitions, Ceiling etc..

For free consulting contact:

+91 9539774422 , +91 9048055898
www.facebook.com/PULLICrew
www.pullicreations.com, info@pullicreations.com
changadam Road velinkode

# PRINCIPAL



**Prof. N. ABDUL HAMEED** M.Sc, M.Phil

9846 847 280

Uncle JOHN Ice cream



AL ZAKI

WHOLE SALE DISTRIBUTOR

PERUMBADAPPU

alzakiashraf1739@gmail.com

9846847280

Ph: 9846862533
9539660566

AL-ZAKI

Bakes, Hot & Cool Bar

Veliancode



# വിദ്യാഭ്യാസം ക്രിയാത്മകമാകട്ടെ



- **Dr. V K Abdul Azeez**
Chairman, MTM College

*വിദ്യാധനം സർവ്വധനാൽ പ്രധാനം!* ഇങ്ങനെയൊരു ചൊല്ല് ഇന്ന് കേവലം പരിഹാസ്യം ജനിപ്പിക്കാനേ ഉപകരിക്കുകയുള്ളൂ. തീർത്തും ധനത്താൽ മാത്രം നിയന്ത്രിക്കപ്പെടുന്ന സമൂഹത്തിൽ ഇത് കേവലം ഒരു ചൊല്ല് മാത്രമേ ആകുകയുള്ളൂ. മാത്രമല്ല വളരെ ബോധപൂർവ്വം വിദ്യ നിഷേധിക്കപ്പെടുന്ന കാലത്ത് ഇത് ഒരു ആവർത്തന വിരസതയുള്ള കപടപ്രയോഗമായിട്ട് വ്യാഖ്യാനിക്കപ്പെടാം.

മനുഷ്യാന്തസ്സ് നിർണ്ണയിക്കപ്പെടുന്നതിൽ ഇന്ന് ധനം അത്രമാത്രം സ്വാധീനം ചെലുത്തുന്നു. അതുകൊണ്ട് വിദ്യാഭ്യാസം നേടിയതുകൊണ്ടോ തുടർന്ന് തൊഴിൽ നേടിയതുകൊണ്ടോ മാത്രമായില്ല എന്നൊരവസ്ഥയും വന്നു ചേർന്നിരിക്കുന്നു. തൊഴിൽ വേണ്ടത്ര ഉണ്ടോ എന്നതും പ്രശ്നവൽക്കരിക്കപ്പെടേണ്ട വിഷയം തന്നെ.


ഒരുപാട് ദുരിതങ്ങളെ നേരിടുകയും അതിജീവിക്കുകയും ചെയ്ത ഒരു കാലത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ദുരന്ത പ്രതിഭാസങ്ങളൊന്നും ഇനിയും വരില്ലെന്നതിന് ഒരു തീർച്ചയും ഇല്ല, പ്രത്യേകിച്ച് കാലാവസ്ഥ വ്യതിയാനം പോലുള്ളത്. സാധാരണ മനുഷ്യരെ, തീരെ സുരക്ഷിതമല്ലാത്ത പ്രദേശങ്ങളിൽ വസിക്കുന്നവരെയാണ് ഇത് ഏറെയും ബാധിച്ചത്. നമ്മുടെ കോളേജിന്റെ പ്രദേശങ്ങളും പരിസരപ്രദേശങ്ങളും ഇതിലൂടെ കടന്നുപോയി. കേരളത്തിന് പുറത്തും പ്രളയം രൂക്ഷമായി ബാധിച്ചിരുന്നു. പ്രകൃതി പ്രതിഭാസങ്ങളെ ശരിയായി മനസ്സിലാക്കി പ്രകൃതി-സൗഹൃദമായ ഇടപെടലുകളും ജീവിത രീതികളും ഇനിയും നാം വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. അറിവ് നേടുന്നതിലൂടെ ഒരു പരിധി വരെ നമുക്കതിന് സാധ്യമാകും. സാഹിത്യമോ ശാസ്ത്രമോ സാമൂഹ്യശാസ്ത്രമോ ഏത് വിഷയം അഭ്യസിച്ചാലും ഈ അറിവ് സ്വരൂപിച്ചെടുക്കാൻ നമുക്ക് കഴിയണം.

മറ്റൊന്ന് സാമൂഹികമായ ഒറ്റപ്പെടലുകളും മനുഷ്യർ തമ്മിലുള്ള വിഭജനവും രൂക്ഷമാകുന്ന കാലവും കൂടിയാണിത്. നാം വളരെയധികം അറിവും അനുഭവവും നേടി എന്ന് ഊറ്റം കൊള്ളുന്നവരാണ്.

ശാസ്ത്രവും അതിന്റെ ബലത്തിൽ സാങ്കേതിക വിദ്യയും ഏറെ വളർന്ന കാലം. എന്നിട്ടും, മനുഷ്യകുലത്തിനും മറ്റു ജീവജാലങ്ങൾക്കും പ്രകൃതിക്കും ആരോഗ്യകരമായ നിലനിൽപ്പ് സാധ്യമാകുന്നുണ്ടോ എന്നതും ഒരു വലിയ ചോദ്യം തന്നെ. അതുകൊണ്ട് വിദ്യാഭ്യാസം നേടുക എന്നത് കേവലം തൊഴിൽ നേടുക മാത്രമല്ല എന്ന് കൂടി മനസ്സിലാക്കാൻ നമുക്ക് കഴിയണം. വിദ്യാഭ്യാസം കൊണ്ട് ഓരോ തൊഴിലിലും പ്രാവിണ്യം നേടുന്നതോടൊപ്പം അതെത്രമാത്രം മനുഷ്യോപകാരപ്രദമാണെന്ന അറിവും നമുക്ക് ഉണ്ടാകണം. ഇതല്ല, ഇതല്ല! എന്ന് പറയാനും കൂടുതൽ ചോദ്യങ്ങളിലേക്ക് നമ്മെ നയിക്കാനും കഴിയുമ്പോൾ മാത്രമേ വിദ്യാഭ്യാസം ധനപരമാവുകയുള്ളൂ, അത് വെറും പണപരമല്ല എന്ന തിരിച്ചറിവ്. പരസ്പരം പങ്കുവെയ്ക്കാനും സഹായിക്കാനും കൂടി കഴിയുന്ന അവസ്ഥ. നമ്മുടെ കോളേജ് അത്തരം ചില മൂല്യങ്ങൾക്കും പ്രാധാന്യം കൊടുക്കുന്നുണ്ട് എന്ന് ഇവിടെ സൂചിപ്പിക്കട്ടെ.

അദ്ധ്യാപക വിദ്യാർത്ഥി ബന്ധം വളരെ സൗഹാർദപരവും പരസ്പര ബഹുമാനത്തിലൂന്നിയതുമായിരിക്കണം. അതൊരു ഒറ്റവഴി പാത (one way traffic) അല്ലെന്ന് വിദ്യാർത്ഥികളും അദ്ധ്യാപകരും മനസ്സിലാക്കണം. പാഠ്യവിഷയങ്ങൾ അതിവിപുലവും ആഴവും (Depth) ഉള്ളതായതുകൊണ്ട് അത് സങ്കീർണ്ണവുമാണ്. അത് കേവലം ചോദ്യോത്തര സമ്പ്രദായങ്ങളിലൂടെ മാത്രം സ്വായത്തമാക്കേണ്ടതല്ല. പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് കടക്കുമ്പോൾ അതിനാൽ ഏത് വിഷയമായാലും ഒരു രീതിശാസ്ത്ര (Methodology)ത്തിലൂടെ സമീപിക്കേണ്ടത് പഠനത്തിന്റെ കാര്യത്തിൽ വളരെ പ്രധാനപ്പെട്ടതാണ്.


മാത്രമല്ല കോളേജ് ക്യാമ്പസ് ഭിന്നാഭിപ്രായങ്ങൾക്ക് ആരോഗ്യകരമായി പുലരാൻ കഴിയുന്ന ഇടംകൂടിയായിരിക്കണം എന്നത് കോളേജിന്റെ പ്രഖ്യാപിത വീക്ഷണമാണ്. പരസ്പരം സംവദിക്കാനും അഭിപ്രായഭിന്നതകൾ പ്രകടിപ്പിക്കാനും കഴിയണം എന്ന ജനാധിപത്യത്തിന്റെ ഉയർന്ന മൂല്യം നിലനിർത്താൻ നമുക്ക് സാധിക്കണം. ശത്രുതാപരമല്ലാതെ, ഹിംസാത്മകമല്ലാതെ. കൂടുതൽ കൂടുതൽ ചോദ്യങ്ങളിലേക്കും അതിലൂടെ ശരിയായ ഉത്തരങ്ങൾ കണ്ടെത്താനും നമ്മെ പ്രപ്തമാക്കട്ടെ. എല്ലാത്തരം സർഗ്ഗാത്മക പ്രവർത്തനങ്ങളും സ്പോർട്സ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും പങ്കെടുക്കാനും വിദ്യാർത്ഥികൾക്ക് കഴിയട്ടെ. എഴുത്തും വായനയും കലാപ്രവർത്തനങ്ങളും ക്യാമ്പസ്സിന്റെ ശോഭയാകട്ടെ. സമഗ്രമായ ജീവിത വീക്ഷണം ഉണ്ടാകാൻ ഈ കലാലയ ജീവിതം ഉപകരിക്കട്ടെ.





## പ്ലാസ്റ്റിക്

ആരേയും വശീകരിച്ചു
തന്റേതാക്കുന്ന
മണ്ണിനുപോലും
മാനം കൊടുക്കാതെ
തന്റെ കാമുകനായ
തീയിൽ മാത്രം
അലിഞ്ഞു ചേരുന്ന
നീയാണ്
യഥാർത്ഥ കാമുകി.



## ഡെസ്ക്

കേട്ടപാഠങ്ങളേക്കാൾ
എഴുതിവെക്കപ്പെട്ട–
കഥകളാകും
ഡെസ്കിനു പറയാനുണ്ടാവുക.



## മറപ്പ്

പലതും
നമുക്കുള്ളതല്ലെന്ന്
അറിയുമ്പോഴേക്കും
മനസ്സത്
സ്വന്തമാക്കിയിട്ടുണ്ടാവും!



**Subaidha P.**
2nd Semester B.Com B



# ബാല്യസ്മരണയിൽ

**Shahla Mariyam V.**
1st Year BA English

നഷ്ടബോധത്താൽ സങ്കടപ്പെടുമെൻ
മനസ്സീ നിമിഷത്തിലും ആശ്വാസമേകുന്ന
ഓർമ്മച്ചെപ്പായി മാറുന്നുവെൻ ബാല്യം
എൻ ബാല്യത്തിൻ ഓർമ്മത്തുടിപ്പുകൾ
ഹൃദയത്തിൻ ആഴങ്ങളിലെവിടെയോ വിങ്ങിടുമ്പോൾ
ഒരിക്കലും തിരികെ വരില്ലെന്നറിഞ്ഞിട്ടും
ഓർമ്മയിൽ നിന്ന് മായുന്നില്ല ആ നല്ല നാളുകൾ

പെരുമഴയിൽ ചെളിവെള്ളത്തിൽ ഓടിക്കളിച്ചതും
കണ്ണൻചിരട്ടകൊണ്ട് മണ്ണപ്പം ചുട്ടുകളിച്ചതും
കൂട്ടുകാരോടൊത്ത് കണ്ണാരം പൊത്തിക്കളിച്ചതും
മിഴികളിൽ നിന്ന് ഒരിക്കലും മായുന്നില്ലെനിക്ക്
മഴയിൽ അലിഞ്ഞ ബാല്യത്തിൻ ഓർമ്മയിൽ
ഒരു നിമിഷം എൻ മനവും ഉണർന്നു
തളിരിലകളെപോലെ തളിരിട്ട എൻ ബാല്യം
ഇന്നെനിക്കൊരു ഓർമ്മക്കുറിപ്പായി മാറി





# നൊമ്പരം

വസന്തകാലത്തിന്റെ ഉഷസ്സന്ധ്യയിൽ
മാറോട് ചേർത്ത സ്വപ്നങ്ങളിന്നില്ല
സ്നേഹമില്ല നിൻ മിഴികളിൽ
വെറും നിർവ്വികാരത മാത്രം.

പുളിമരച്ചോട്ടിൽ സ്വപ്നങ്ങൾ നെയ്തതും
നിലാവ് പെയ്യുന്ന പൗർണ്ണമി തൻ രാവിൽ
പ്രണയ മന്ത്രങ്ങൾ മൊഴിഞ്ഞതും ഇന്നില്ല.

ഇതൾപൊഴിഞ്ഞൊരെൻ മോഹങ്ങൾക്ക്
ഇനിയൊരു പുനർജന്മമില്ല
അസ്തമിച്ചൊരെൻ സ്വപ്നങ്ങൾക്ക്
ഇനിയൊരു ഉദയവും ബാക്കിയില്ല.

ഏകാന്തതയുടെ വരുംകാലത്തെ വരവേൽക്കാൻ
ഇനിഞാനും എന്റെ വരണ്ടഹൃദയവും ബാക്കിയായ്.



Shafna M.
1st year B.Com English

# Girish Raghunath Karnad



**Shahla Mariyam V.**
Ist Year BA English

Girish Raghunath Karnad was an Indian actor, Film Director and Kannada Writer. He is the recipient of Jnanpith Award of kannada, the highest literary honour conferred in India. For four decades, Karnad has been composing plays, often using History and mythology to tackle Contemporary Issues. He is also active in the world of Indian cinema working as an actor, director, and Screen writer, earning numerous awards along the way. He was conferred Padmashri and Padma Bhushan by the Government of India.

Girish Karnad was born in 19 May 1938 in Matheran, Maharashtra, into a konkani Speaking family. His initial schooling was in Marathi. As a youngster, Karnad was an ardent Admirer Yakshagana and the the theater in his village.

He earned his bachelor of arts degree from Karnataka University, Dharwad in 1958. Upon graduation, Karnad went to England and student at Linoin and Magdalen Colleges in Oxford as a Rhodes scholar, earning his master of arts degree in Philosophy, Political Science and Economics. Karnad was a visiting Professor and Fulbright Scholar in Residence at the university of Chicago.

Karnad is most famous as play wrote. His plays, written in kannada, have been widely translated into english and all major Indian languages. Karnad's plays are written neither in english, in which he dreamed of earning international literary fame, nor in his mother tongue konkani. In a situation like that Karnad found a new approach like drawing historical and mythological sources to tackle contemporary themes. His first play "yayathi" (1961) Ridicules the ironies of life through charectors to mahabharata and became an instant success immediatly translated and staged in several other Indian Languages.

"Tughlaq" (1964) his best lover play established Karnad as one of the most promising play wrights in the country. A large number of his kannada plays have been translated by Dr. Bhargavi Rao.

His directorial debate came with the movie vamsha vraksh, based on a kannada novel by S.L. Bhairappa. The Movie won several national and international awards. Before this, Karnad acted in a movie called samskara, based on a novel by Dr. U.R. Anantha Murthy and directed by Pattabhirama Reddy.

That movie won the first president's Golden Lotus Award for kannada cinema. Later Karnad disected several movies in kannada and Hindi. Some of his famous kannada movies include Tobbaliya Neenade magane, ondunondu kaaladalli, cheluvi and kadu.

He has played the role of karadi, the soothradar (narrator), for several stories in the popular audio book series for kids, Karadi tales. He has also been the voice of APJ Abdul Kalam, President of India, In the audio book of Kalam's autobiography by charkha audio books wings of fire.

Girish Karnad passed away on june 10th 2019.


# Friendship



**Nidheesh Dhanraj T**

There are two friends who were walking
across a desert. While they where walking they got
in to an ugly argument and out of anger one of them
slapped the other on the face. The one who was slapped,
through was hurt he did not said anything and quietly wrote
over the sand " I am hurt because today my friend
hit me on my face."
They resumed walking and kept walking until
they came across an oasis.
They decided to take bath in the oasis
then while they were taking bath
the one who had got slapped started drowning.
The other friend came to his rescue
and saved him.
After he got rescued and saved him.
After he got rescued,
he wrote on the stone
"Today I was saved by my best friend"

The other friend asked him,
"Why did you wrote on the sand
when I slapped you"
upon this, the other friend replied that
it's better we write on sand
when your friend hurts you as
it will be gone with the wind
but write it on stone when
your friend does something good
to you so that it could be engraved forever.





# Angel Mother

Mother, you're the angel
Who brought me to the world by enjoying the endusing pain
You guided me, sheltered me,
Repaired and restored me.
When I was lost
Your focused attention and unconditional love
Lifted me and showed me the way.
I give you the credit
For the best of who I am today.
I don't have words or gifts,
Or any have words worth enough
To let you know
What having you in my life has meant to me
Mom..........
I love you with all my heart



**Sneha**
2nd Year B.Com - B



# ഇഷ്ടം

മക്കളുടെ ഇഷ്ടം കണ്ടു സന്തോഷിച്ചു
മക്കളുടെ വിഷമം കണ്ട് ആരും കാണാതെ....
കരഞ്ഞു...
മക്കളുടെ ബുദ്ധിമുട്ടിൽ
സ്വയം പ്രയാസപ്പെട്ടു.
മക്കളുടെ സ്വപ്നങ്ങൾ പൂർത്തീകരിക്കാൻ
രാപ്പകൽ കഷ്ടപ്പെട്ടു...
ജീവിതത്തിന്റെ എല്ലാ സുഖങ്ങളും
മക്കൾക്ക് വേണ്ടി മാറ്റിവച്ചു....
ജീവിതത്തിലെ എല്ലാ സങ്കടങ്ങളും
കുടുംബത്തിനുവേണ്ടി മാറ്റിവച്ചു...
സ്വന്തം സ്വപ്നങ്ങൾ നഷ്ടപ്പെടുത്തി
മക്കൾക്ക് ഒരു നല്ല ജീവിതം നൽകിയ
ആ എന്റെ അച്ഛനെയാണ് എനിക്ക്
ഇഷ്ടം.............



# നിപ്പയും പ്രളയവും കടന്ന് കേരളം മുന്നോട്ട്

കുറച്ചു മാസങ്ങൾക്ക് മുമ്പ് നാം രണ്ട് ദുരിതാനുഭവങ്ങൾക്ക് സാക്ഷിയാകേണ്ടിവന്നവരാണ്. ഒന്ന് പ്രളയവും മറ്റൊന്ന് നിപ എന്ന രോഗ ബാധയും. ഈ രണ്ടു ദുരിതങ്ങളും നമ്മെ മാനസികമായും ശാരീരികമായും തളർത്തിക്കളഞ്ഞവയാണ്. പ്രളയം ഒരു ജനതയെ മുഴുവൻ ജലനിരപ്പുകളുടെ അകത്തട്ടിലാക്കിയപ്പോൾ പിന്നീടൊരുനാൾ നിപ എന്ന രോഗബാധ അതേ ജനതയെ തന്നെ ജീവിതത്തിന്റേയും മരണത്തിന്റേയും ദുരിത കയത്തിൽ ചെന്നെത്തിച്ചു. നാടാകെ പരന്നുപകർന്ന ആ രോഗബാധയിൽ ചിലരുടെ ജീവനും ജീവിതവും ആയിരുന്നു ബലിയാടായത്.

പ്രളയമെന്ന ദുരിതത്തിനുമുന്നിൽ ഒരിക്കലും തോറ്റുകൊടുക്കാതെ കേരളം അതിജീവിച്ചു മുന്നേറി. നാം ഓരോരുത്തരും കൈകോർത്ത് നിന്ന് പ്രളയ ബാധിതരെ ഒരു കൈസഹായം നൽകി കരകയറ്റി. ആ പ്രളയത്തിലും വിജയം കൈവരിച്ചത് നമ്മുടെ ഓരോരുത്തരുടേയും മനുഷ്യത്വം തന്നെയായിരുന്നു. നമുക്ക് ചുറ്റുമുള്ള ഓരോ വ്യക്തികളുടേയും ആത്മ ധൈര്യവും സഹായ മനസ്കതയും തന്നെയായിരുന്നു നമ്മുടെ രക്ഷക്കായി എത്തിയത്.

നമ്മുടെ ഈ കൊച്ചുകേരളം ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന ‘നിപ’ എന്ന രോഗത്തെയും തരണം ചെയ്ത് അതിജീവിക്കുമെന്ന് തീർച്ചയാണ്. രോഗബാധിതർക്കു ചുറ്റും അവരെ പരിചരിച്ചുകൊണ്ട് തിരിച്ചു ജീവിതത്തിലേക്ക് കൊണ്ടുവരുന്ന കുറേ മാലാഖമാരുണ്ട്. അവരുടെ ആ ധൈര്യവും സ്നേഹവും ഓരോ വ്യക്തിയിലും ആത്മവിശ്വാസത്തിന്റെ ചിറകുകൾ വിരിച്ച് കൊടുക്കുകയായിരുന്നു. മാനസികമായും ശാരീരികമായും തളർന്നുകിടക്കുന്ന മനുഷ്യഹൃദയങ്ങളിലേക്ക് ആത്മബലത്തിന്റേയും ജീവന്റേയും തുടിപ്പുകൾ വിതറികൊടുക്കുകയായിരുന്നു. ഇവിടെയും നാം പരാജയത്തിന്റെ അടിമത്വത്തിലേക്ക് കീഴ്പ്പെട്ടുപോവാതെ വിജയിക്കുക തന്നെ ചെയ്യുന്നു.


നമ്മുടെ ഓരോ വ്യക്തികളുടേയും മനസ്സിന്റെ ധൈര്യവും സ്നേഹവും തന്നെയാണ് ഈ കേരള ജനതക്കു നൽകാൻ കഴിയുന്നതിൽ വെച്ച് ഏറ്റവും വലിയ ദൗത്യം. ആ ദൗത്യത്തിന് നമുക്ക് നേരെ വരുന്ന എല്ലാ ദുരന്തങ്ങളേയും തോൽപ്പിച്ചുകളയാൻ ഉള്ള ശക്തിയുണ്ട്.



**Muhammed Uwayz**
B.Com 2nd Year A



# "മഹാനായ വെളിയങ്കോട് ഉമർഖാളി(റ) പറ്റി അറിയാത്തവർ അറിഞ്ഞിരിക്കുക"



**Suhail Rasheed**
Final Year B.Com

ഹിജ്റ 1179 റബിഉൽ അവ്വൽ 10 ന് ഖാളിയാരകത്ത് അലിമുസ്ലിയാരുടേയും വെളിയംകോട് കാക്കത്തറ തറവാട്ടിൽ ആമിനയുടേയും മകനായി ഉമർഖാളി ജനിച്ചു. അലി മുസ്ലിയാരുടേയും ആമിന മഹതിയുടേയും രണ്ടാമത്തെ പുത്രനായിരുന്നു ഉമർഖാളി (റ). വളരെ ചെറുപ്പത്തിൽ തന്നെ തന്റെ മാതാപിതാക്കളിൽ നിന്നും ജ്യേഷ്ഠനിൽ നിന്നും ഇസ്ലാമികമായ പ്രാഥമിക അറിവുകൾ മനസ്സിലക്കി ഹൃദിസ്ഥമാക്കുകയും ഖുർആൻ നന്നായി പഠിക്കുകയും ചെയ്തു. മത വിജ്ഞാനമായ ഖുർആൻ പഠിക്കുന്ന വിഷയത്തിൽ അദ്ദേഹം തന്റെ ബുദ്ധി സാമർത്ഥ്യം പ്രകടിപ്പിക്കുകയും ചെയ്തു. ഉമർഖാളി ഉപരിപഠനത്തിനായി 11-ാമത്തെ വയസ്സിൽ മതപഠനത്തിന് അന്ന് പേരുകേട്ട താടന്നാർ ദർസ്സിൽ ചേർന്നു. പരപ്പനങ്ങാടി ഔക്കോയ മുസ്ലിയാർ അദ്ദേഹത്തിന്റെ സതീർത്ഥ്യനായിരുന്നു. പൊന്നാനി തുന്നം വീട്ടിൽ മുഹമ്മദ് മുസ്ലിയാർ (ന:മ) ആയിരുന്നു. താന്തോരിലെ മതപഠനകാലത്ത്, അദ്ദേഹം മതപരമായ വിജ്ഞാനത്തിന്റെ വിവിധ ശാഖകളിൽ അസാമാന്യ കഴിവ് കരസ്ഥമാക്കിയിരുന്നു. ആ പഠനത്തെ പറ്റി ഉമർഖാളി തന്റെ പിൽക്കാല ജീവിതത്തിൽ എപ്പോഴും എടുത്ത് പറയാറുണ്ടായിരുന്നു. പിന്നീട് അദ്ദേഹം അക്കാലത്തെ പ്രസിദ്ധ പണ്ഡിതനും ഖദരീയ തരീഖത്തിന്റെ ശൈഖുമായിരുന്നു പൊന്നാനി മമ്മിക്കുട്ടി മഖ്റൂം അവർകളുടെ കീഴിൽ പഠനം തുടർന്നു. വിളക്കത്തിരിക്കൽ ഡിഗ്രിയും ആത്മസംസ്കരണ ശാസ്ത്രത്തിൽ അനല്പമായ വിജ്ഞാനവും കരസ്ഥമാക്കി വിവിധ തുറകളിൽ ഉള്ള മതവിജ്ഞാനം കരസ്ഥമാക്കുകയും ബൃഹത്തായ മതഗ്രന്ഥങ്ങളിൽ അവഗാഹമായ പഠനം നടത്തുകയും ചെയ്തപ്പോൾ അദ്ദേഹത്തിനു വിജ്ഞാനത്തിന്റെ എല്ലാ ശാഖകളിലും അഗാധ പാണ്ഡിത്യം നേടാൻ സാധിച്ചതിനു പുറമേ അറബി ഭാഷ അനായാസേന കൈകാര്യം ചെയ്യാനുള്ള സിദ്ധി ഉണ്ടാക്കുകയും ചെയ്തു. മഖ്റൂം ഖാളിയിൽ നിന്നും തസൗഫിന്റെ വിജ്ഞാനം കരസ്ഥമാക്കിയതോടുകൂടി തന്റെ ശൈലിയിൽ നിന്നും ഹിജാസത്ത് ലഭിക്കുവാൻ അദ്ദേഹം ശ്രമിച്ചു. മഖ്റൂം മുസ്ലിയാർ തന്റെ പ്രിയ ശിഷ്യനെ പല പരീക്ഷണങ്ങൾക്കും വിധേയനാക്കി. പരീക്ഷണങ്ങളിലെല്ലാം ഉമർഖാളി വിജയിക്കുകയും മഖ്റൂം മുസ്ലിയാർ തന്റെ ഉത്തമ ശിഷ്യന് ഹിജാസത്ത് നൽകുകയും ചെയ്തു. അറബിഭാഷ നിഷ്പ്രയാസം കൈകാര്യം ചെയ്യാൻ കഴിവുണ്ടായപ്പോൾ അദ്ദേഹം ആ ഭാഷയിൽ നിരവധി കവിതകൾ രചിക്കുകയുണ്ടായി. ഏതൊരു കാര്യവും ശ്രദ്ധയിൽപ്പെട്ടാൽ ആ സംഗതി അറബിയിലോ അറബി മലയാളത്തിലോ കവിതയാക്കി ചൊല്ലുകയും പോകുന്ന ദിക്കിലെല്ലാം മിക്കവാറും പള്ളികളിൽ എഴുതിവെയ്ക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ അദ്ദേഹം ഇന്നത്തെ ആധുനികരുടെ ഭാഷയിൽ പറഞ്ഞാൽ തികച്ചും ഒരു നിമിഷകവി തന്നെയായിരുന്നു. അന്നത്തെ സ്വാതന്ത്ര്യ സമര സേനാനി എന്ന നിലയിൽ അക്കാലത്ത് ഇന്ത്യ ഭരിച്ചിരുന്ന ബ്രിട്ടീഷ് സൈന്യത്തോട് ഇന്ത്യ വിടാനും, അവർക്ക് അല്ലാഹുവിന്റെ ഭൂമിയിൽ അധികാരവും അവകാശവും ഇല്ല എന്നും, അവർക്ക് നികുതി കൊടുക്കരുത് എന്നും ആദ്യം പറഞ്ഞത് അദ്ദേഹമാണ്. ആദ്യത്തെ നികുതി നിഷേധ പ്രസ്ഥാനം രൂപം കൊണ്ടത് ഉമർഖാളിയുടെ കാലഘട്ടത്തിലായിരുന്നു. അക്കാലത്തെ പ്രചോദനമാണിത്. അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞത് 1858ലാണ്. അദ്ദേഹത്തിന്റെ മരണത്തിനോടനുബന്ധിച്ച് ശിപായി ലഹള ഉണ്ടാവുകയും അത് ഇന്ത്യയിലെ സ്വാതന്ത്ര്യസമരത്തിനു മുതൽ കൂട്ടായി തീരുകയും ചെയ്തു. അതിനുള്ള പ്രചോദനം ഉമർഖാളിയെ പോലുള്ള അറബി പണ്ഡിതൻമാരും സൂഫിവര്യന്മാരും നൽകിയ ആത്മധൈര്യമാണെന്ന് നിസ്സംശയം പറയാം. തുടർന്ന് മാപ്പിളലഹള കേരളത്തിൽ ഇന്ന് ചരിത്രകാരന്മാർ വിളിക്കുന്ന ആ സമരം ഭൂസമരം എന്നു തന്നെ അതിനെ വിശേഷിപ്പിക്കാം. ആ സമരത്തിനുള്ള ഊർജ്ജവും കിട്ടിയത് ഉമർഖാളിയിൽ നിന്നാണ്.

വൈദ്യശാസ്ത്രത്തിലും ഗോളശാസ്ത്രത്തിലും അദ്ദേഹത്തിനുണ്ടായിരുന്ന വിജ്ഞാനം അദ്ദേഹത്തിന്റെ അറിയപ്പെടുന്ന കവിതകൾ വായിച്ചാൽ തന്നെ ബോധ്യപ്പെടുന്നതാണ്. ഇപാദത്തിലും തഖ്വയിലും അസാധാരണമായ പ്രതിപത്തി കാണിച്ചിരുന്ന അദ്ദേഹം ഒരു തികഞ്ഞ സ്വാതന്ത്ര്യസമര നായകനും തികഞ്ഞ ബ്രിട്ടീഷ് വിരോധിയുമായിരുന്നു. ഇന്ത്യയിൽ ആദ്യമായി നികുതി നിഷേധ നേതാവ് ബഹുമാനപ്പെട്ട ഉമർഖാളി അവർകളായിരുന്നു. 1815 - 16 കാലഘട്ടത്തിൽ മഹാനായ അദ്ദേഹം നികുതി നിഷേധ പ്രസ്ഥാനം വഴി ബ്രിട്ടീഷുകാരുമായി ഏറ്റുമുട്ടുകയും അത് കാരണത്താൽ 1819 ഡിസംബർ 18ന് ഭരണകൂടത്തെ ധിക്കരിച്ചതിന് തടവിലാക്കപ്പെടുകയും ചെയ്തു. തിരുവിതാംകൂർ ദിവാനായിരുന്ന റെഡ്ഡിറാവുവിനോടും കൊച്ചി ദിവാനായിരുന്ന അഞ്ചപ്പയ്യരോടും ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ ആഹ്വാനം ചെയ്തുകൊണ്ട് 1819ൽ ൽ അദ്ദേഹം കത്തുകളയക്കുകയുണ്ടായി. വർണ്ണ വർഗ്ഗ വിവേചനമില്ലാതെ ജാതിമതബോധമില്ലാതെ ഏതു മനുഷ്യരേയും ഉമർഖാളി അതിരറ്റു സ്നേഹിച്ചു. അതുകൊണ്ടുതന്നെ വെളിയംങ്കോട്ടുകാരും അയൽനാട്ടുകാരും അദ്ദേഹത്തെ അഗാധമായി സ്നേഹിച്ചു. ഉമർഖാളി തികഞ്ഞ ബ്രിട്ടീഷ് വിരോധി ആയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ സ്നേഹിതനായിരുന്ന പുതിയവീട്ടിൽ സൈനുദ്ദീൻ മരക്കാർ ഉമർഖാളിയുടെ ഭൂമിക്ക് ഖാളി അറിയാതെ നികുതി അടച്ചു ബോധിപ്പിച്ചു. സൈനുദ്ദീൻ മരക്കാർ മരണപ്പെട്ട അടുത്ത വർഷം ഖാളിയുടെ നികുതി പിരിവിനായി അംശം അധികാരി വന്ന് നികുതി ആവശ്യപ്പെട്ടു. ഭൂമി അല്ലാഹുവിന്റേതാണ് ബ്രിട്ടീഷുകാരുടേതല്ല അതിനാൽ നികുതിയും തരില്ല എന്ന് ഉമർഖാളി ശഠിച്ചു. ഖാളി ഭൂമിയ്ക്ക് നികുതി തരാത്ത വിവരം മേനവൽ തഹസിൽദാറും മറ്റു അധികൃതർ അന്നത്തെ ചാവക്കാട് തുക്കിടിയായിരുന്ന നീമു സാഹിബിനും റിപ്പോർട്ട് ചെയ്തു. അങ്ങനെ ഉമർഖാളിയെ തുക്കിടി ചാവക്കാട് ജയിലിൽ അടച്ചു. എന്നാൽ ഖാളി അത്ഭുതകരമായി രക്ഷപ്പെട്ട വാർത്ത നീമുസാഹിബ് അറിഞ്ഞു. ഉമർഖാളി അവർകൾ ചാവക്കാട് ജയിലിൽ നിന്നും പോന്ന് മനാംകുന്ന് പള്ളിയിൽ വരികയും അവിടെ നിന്ന് നമസ്ക്കരിക്കുകയും ആ നാട്ടിലെ തന്റെ സുഹൃത്തായ ഒരാളുടെ വീട്ടിൽ നിന്നും പൊടിയരിക്കഞ്ഞി കുടിച്ച് നേരെ മാറഞ്ചേരിയിലെ കോലഞ്ചേരി പള്ളിയിൽ എത്തിച്ചേരുകയും ചെയ്തു. തന്നെ തിരഞ്ഞ് പോലീസുകാർ വന്ന് കാക്കത്തറ തറവാട് വളഞ്ഞിരിക്കുന്ന വിവരം അപ്പോൾ തന്നെ ഉമർഖാളി അറിഞ്ഞു. അദ്ദേഹം ഉടനെ ഒരാളെ തന്റെ വീട്ടിലേക്കയച്ചു പോലീസുകാരോട് ഉങ്ങനെ പറയാൻ ഖാളി ഏൽപ്പിച്ചു. "നിങ്ങൾ വീട്ടുകാരെ ശല്ല്യപ്പെടുത്തേണ്ട ഞാൻ പള്ളിയിൽ ഉണ്ട് ഉടനെ വീട്ടിൽ എത്തിച്ചേരുന്നതാണ്." പിന്നീട് അദ്ദേഹം വീട്ടിലേക്ക് പുറപ്പെട്ടു. മാർഗ്ഗമദ്ധ്യേ പോലീസുകാരുമായി കാണുകയും മഞ്ചയിൽ യാത്ര തുടർന്ന് വെളിയങ്കോട് പള്ളിയിൽ എത്തിച്ചേരുകയും ചെയ്തു. പള്ളിയിൽ കയറി നമസ്ക്കരിക്കുവാൻ ഒരുങ്ങിയതിനു ബ്രിട്ടീഷ് പോലീസുകാർ തടഞ്ഞെങ്കിലും മഹാൻ അവർകൾ തെല്ലും കൂസ്സലില്ലാതെ പള്ളിയിൽ കയറി നമസ്ക്കരിച്ചു. പള്ളിയിൽ നിന്നും പുറത്തിറങ്ങിയപ്പോൾ ഒരു വമ്പിച്ച ജനക്കൂട്ടം തന്നെ വാർത്തയറിഞ്ഞ് പള്ളിമുറ്റത്ത് തടിച്ചു കൂടിയിരുന്നു. ഉമർഖാളി അടുത്ത കാലത്ത് മരണപ്പെട്ട തന്റെ സ്നേഹിതന്റെ ഖബറിനടുത്ത് വന്ന് ഖബറിനു മുകളിൽ തന്റെ കയ്യിലുണ്ടായിരുന്ന ഒരു വടി കൊണ്ടുവന്ന് തട്ടികൊണ്ട് പറഞ്ഞു "സ്നേഹിതാ നീ ജീവിച്ചിരിക്കുന്ന സമയമായിരുന്നെങ്കിൽ ഇങ്ങനെയൊന്നും സംഭവിക്കില്ലായിരുന്നു. ദുഷ്ടന്മാരായ വെള്ളക്കാർ എന്നെ അറസ്റ്റ് ചെയ്തു." ഉടനെ ആ കബറിന്റെ രണ്ടറ്റം പൊട്ടി പിളർന്നു ഇതുകണ്ട അദ്ദേഹം വീണ്ടും പറഞ്ഞു. "സ്നേഹിതാ നീ എഴുന്നേൽക്കേണ്ട അത് ലോകനീതിക്കെതിരാകും നീ സുഖമായി കിടക്ക ഞാൻ പോയി വരാം" എന്നു പറഞ്ഞ് വടികൊണ്ട് വീണ്ടു തട്ടി. ഇങ്ങനെ പൊട്ടിയ ഖബർ ഇന്നും പതിനാറ് ദശാംശങ്ങളെ അതിജീവിച്ച് അതേ നിലയിൽ നിൽക്കുന്നത് സന്ദർശകർക്ക് കാണാൻ കഴിയുന്നതാണ്. ആ സമയത്ത് തന്നെ പള്ളിമുറ്റത്തെ ഒരു വലിയ തെങ്ങിന്റെ തല തെറിച്ചുപോവുകയും ചെയ്തു എന്ന് പറയുന്നു. ഒരിക്കൽ മഹാൻ അവർകൾ നബി (സ്വ) തങ്ങൾ അന്തിവിശ്രമം കൊള്ളുന്ന റൗളാശരീഫ് കൺകുളിർക്കെ കാണാൻ ഉള്ള ഹൃദയ തുടിപ്പുമായി റൗളാശരീഫിന്റെ മുമ്പിൽ വരുകയും അവിടത്തെ കാവൽക്കാരനോട് റൗളാശരീഫ് തുറക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. പക്ഷെ ആ കാവൽക്കാരൻ അത് നിഷേധിച്ചു. എന്നാൽ

ഉമർഖാളി അതിമനോഹരമായ കാവ്യസംഗീതം മുഹമ്മദ് നബി (സ്വ) തങ്ങളെ പുകൾത്തികൊണ്ട് ആലപിച്ചപ്പോൾ പെട്ടെന്നു തന്നെ റൗളാശരീഫിന്റെ വാതിലുകൾ തുറക്കപ്പെടുകയും അതിൽ കയറുകയും തുടിക്കുന്ന ഹൃദയത്തോട് നബി (സ്വ) തങ്ങളുടെ അന്തിവിശ്രമം കൊള്ളുന്ന റൗളാശരീഫ് കൺകുളിൽക്കെ കാണുകയും ചെയ്തു. മലപ്പുറം ജില്ലയിലെ പൊന്നാനി നഗരത്തിനു തെക്കുഭാഗം അഞ്ച് കിലോമീറ്റർ ദൂരെ അറബിക്കടലിന്റെ തഴുകലേറ്റ് കിടക്കുന്ന ഒരു ഗ്രാമപ്രദേശമാണ് വെളിയംകോട്. പോർച്ചുഗീസ് ഭാഷയിൽ വെളിയംകോടിനെ വെള്ളിയം കോട്ട എന്നാണ് അറിയപ്പെട്ടിരുന്നത്. കേരളത്തിൽ ഇസ്ലാം മത പ്രചാരണത്തിനു എത്തിച്ചേർന്ന ആദ്യത്തെ അറബി ദൗത്യ സംഘം തന്നെ വെളിയംകോടുമായി ബന്ധപ്പെട്ടിരുന്നു. മലിക് ബിൻദിനാറും സംഘവും കേരളത്തിൽ എത്തിച്ചേർന്ന സംഭവം പ്രസിദ്ധമാണല്ലോ. പ്രസ്തുത സംഘത്തിലുണ്ടായിരുന്ന മലിക്കുൽ ഹബീബ് അവറുകളാൽ ഹിജ്റ അഞ്ചിൽ സ്ഥാപിതമായതെന്നു വിശേഷിക്കപ്പെടുന്നതും പുതുക്കി പണിയലുകൾ മുഖേന പിന്നിട്ട കേസ്പൻ മരക്കാർ പള്ളി എന്നു അറിയപ്പെട്ടിരുന്ന പള്ളി ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. ഈ പള്ളിയും മാടായി പള്ളിയും ഹിജ്റ അഞ്ചിൽ സ്ഥാപിച്ചതാണ് എന്ന് മാടായി പള്ളിയുടെ കൊടി പലകയിൽ ഡച്ച് ഭാഷയിൽ എഴുതിവെച്ചിട്ടുണ്ടെന്ന് ചില അറബി കൈ എഴുത്ത് ഗ്രന്ഥങ്ങളിൽ ഉള്ളതായി ഇവിടുത്തെ മതപണ്ഡിതൻമാർ പറയുന്നു. ദൂരെ ദിക്കുകളിൽ നിന്നും ജുമുഅക്ക് ആളുകൾ വന്നിരുന്നത് മനിക്കുൽ ഹബീബ് അവർകൾ സ്ഥാപിച്ച വെളിയകോട്ടെ പള്ളിയിലേക്കായിരുന്നു. അന്ന് ദൂരെ ദിക്കുകളിൽ വരുന്ന ആളുകൾ വ്യാഴാഴ്ച തന്നെ ജുമുഅക്കായി പുറപ്പെട്ടിരുന്നു. കാൽനടക്കായി എത്തിച്ചേരാൻ അന്ന് ഒരുപാട് സമയം വേണ്ടിയിരുന്നു. ചെറുതുരുത്തി, ഷൊർണൂർ, കൂറ്റനാട്, ചാലിശ്ശേരി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ജമുഅക്കായി ആളുകൾ ഇവിടെക്കാണ് വന്നിരുന്നത്. ആ പ്രദേശങ്ങളിൽ അന്ന് മുസ്ലിം പള്ളികളും മുസ്ലീം ബബർസ്ഥാനുകളും ഇല്ലാത്തത് കാരണം ആ പ്രദേശത്തെ എല്ലാം മുസ്ലീം മതവിശ്വാസികൾ വെളിയകോടിനെയാണ് ഈ വക കാരണങ്ങളിൽ ആശ്രയിച്ചിരിക്കുന്നത്. പുരാതനമായ വെളിയകോട് ഭരണരംഗത്തും മതപരമായ രംഗത്തും പ്രസ്താവ്യമാണ്. ടിപ്പുസുൽത്താന്റെ ഭരണകാലം വരെ ജില്ലാ കോടതിയും, റജിസ്ട്രർ ഓഫീസും മറ്റും ഇവിടെ സ്ഥിതി ചെയ്യുന്നതായി പറയപ്പെടുന്നു.

മഹാൻ അവർകൾ നമ്മോട് വിടപറഞ്ഞത് 1873 ജനുവരി ഒന്നാം തിയ്യതിയായിരുന്നു. അദ്ദേഹത്തിന്റെ ഓർമ്മകൾ വെളിയകോട്ടുകാർക്കും പുറംനാട്ടുകാർക്കും മറക്കാൻ കഴിയില്ല. കാരണം ഉമർഖാളി (റ) എല്ലാ മനുഷ്യരേയും ജാതിമത ഭേദമെന്യേ അതിനു സ്നേഹിച്ചിരുന്നു. ആ വലിയ മഹാന്റെ ജീവിത ചരിത്രത്തിലെ ഒരു ചെറിയ ഭാഗമാണ് ഞൻ നിങ്ങൾക്കുമുന്നിൽ അവതരിപ്പിച്ചത്. ആ മഹാന്റെ കറാമത്ത് കൊണ്ടും ബർക്കത്ത് കൊണ്ടും നമ്മെ എല്ലാവരേയും അല്ലാഹു വിജയികളിൽ ഏർപ്പെടുത്തട്ടെ.

( (ആമീൻ)

*മദീന ഒരു വികാരമായി പടരണം*
*ഹൃദയത്തിൽ കൂടുകൂട്ടിയ പടിഞ്ഞാറ്റിന്റെ*
*വലക്കണ്ണികളും പൊട്ടിച്ചെറിയണം.*
*പ്രണയത്തിന്റെ ചിറക് മുളപ്പിച്ച് മദീനയിലേക്ക് പറക്കണം*
*ചിറകൊടിഞ്ഞ് ആ ഹരിത മിനാരത്തിൽ താഴെ വീഴണം*
*നായകൻ നമ്മെ ഒന്ന് തിരിച്ചറിഞ്ഞെങ്കിൽ*
*എന്ന പ്രതീക്ഷ മാത്രമാണ് ബാക്കിയുള്ളത്*
*വരൂ മദീനയിലേക്ക്....*
*പ്രണയിക്കാം മദീനയെ....*
*സ്നേഹിക്കാം ഹബീബിനെ."*



# ചങ്ങല


കണ്ണ് തുറന്ന് നോക്കുമ്പോൾ ആകെ ഇരുട്ട്. ആ ഇരുട്ടിൽ കൊച്ചുവെളിച്ചത്തിൽ ഞാൻ കണ്ടത് നിൻ മുഖം.
മറക്കുവാൻ ശ്രമിക്കുമ്പോൾ ഓർമ്മിപ്പിച്ചുകൊണ്ട് നിൻ മുഖം ഓടിയെത്തുന്നു വീണ്ടും.
കാണരുത് എന്ന ആഗ്രഹത്താൽ എന്റെ മനസ്സിനെ ചങ്ങലക്കിട്ടിട്ട് നാളുകൾ ഏറെയായല്ലോ.
തുരുമ്പ് പിടിച്ച് ചങ്ങല പൊട്ടാറായിരിക്കുന്നു.
പാതിമുറിഞ്ഞ ചങ്ങലയുമായി ഞാൻ ചിലപ്പോൾ നിന്റെ അടുത്ത് എത്തിയിരിക്കും.
നിന്നെ പക്ഷേ... സ്വന്തമാക്കാൻ മുതിരില്ല. നിന്നെ,
കാരണം ഇനിയും ഒരു ഭ്രാന്തനെ പോലെ ജീവിയ്ക്കാൻ എനിക്ക് കഴിയില്ല.



**Rahib**
B.Com A, Finance

# ഇരുട്ട്

എന്റെ മനസ്സിൽ മുഴുവൻ ഇരുട്ടാണ്.
അങ്ങ് ദൂരെ ഒരു കൊച്ചു വെളിച്ചം കാണാം.
ഞാൻ ഓരോ അടിവെച്ച് വെളിച്ചം തേടിപോകുമ്പോഴും ആ വെളിച്ചം എന്നിൽ നിന്ന് അകന്ന് പോവുകയാണ്.
ആ ഇരുട്ടിൽ ഞാൻ ഒറ്റയ്ക്കായിരുന്നു.
ഞാൻ ഉച്ചത്തിൽ അലറിവിളിച്ചിട്ടും ആരും എന്റെ നിലവിളി ചെവികൊണ്ടില്ല.
എന്റെ അമ്മപോലും എന്റെ നിലവിളികേട്ടില്ല.
ആകെ വിഷമിച്ച് എങ്ങോട്ടെന്നില്ലാതെ നടന്നു നീങ്ങി.
ഒരു തുള്ളി വെളിച്ചം പോലും കണ്ടെത്താനായില്ല.
തൊണ്ട വറ്റിവരണ്ടു ഒരു തുള്ളി വെള്ളം പോലുമില്ല ഇവിടെ, നാവൊന്നു നനയ്ക്കാൻ.
ഞാൻ ആകെ അവശനായി കാലുകൾ തളർന്നു, ഞാൻ ഇപ്പോൾ മരണപ്പെടുമെന്ന് മനസ്സിലായി.
തല കറങ്ങുന്നത് പോലെ കാലുകൾ ചലിക്കുന്നില്ല. ആകെ നിശബ്ദത!
പെട്ടെന്ന് ആരോ വെട്ടിയിട്ടതുപോലെ നിലം പതിച്ചു.
എന്റെ ശ്വാസം നിലയ്ക്കുന്നു.
അമ്മേ എന്ന ഒരു വിളിയോടെ എന്റെ കണ്ണുകൾ അടഞ്ഞു..



# വിദ്യാലയം



**Shaheeda K.**
1st Year BA English

എത്ര മനോഹരമാണെൻ വിദ്യാലയം
അ മുതൽ ക്ഷ വരെയുള്ള അറിവുകൾ നേടിത്തന്ന
എൻ വിദ്യാലയം എനിക്കെത്രയോ പ്രിയപ്പെട്ടതാണ്
അറിവുകൾക്കുപരി അനശ്വരമായ സൗഹൃദം
മെനഞ്ഞെടുക്കാൻ എനിക്ക് കൂട്ടുനിന്ന എൻ വിദ്യാലയം
എനിക്കെത്രയോ വിലപ്പെട്ടതാണ്.
വിദ്യാലയത്തിൽ ആദ്യപടിയിൽ ഞാൻ നിൽക്കുമ്പോൾ
എൻ മനസ്സെത്രയോ ശൂന്യമാം....
വിദ്യാലയത്തിൻ പടി ഞാനിറങ്ങുമ്പോൾ എൻ മനം
നിറഞ്ഞൊഴുകുന്നു പല കാര്യങ്ങൾ നിറഞ്ഞ്
അറിവിനായി ചെല്ലും നേരം വിതുമ്പി ഞാൻ
അപ്പൊളെൻ അമ്മതൻ സ്നേഹം നൽകിയൊരദ്ധ്യാപകർ
സ്നേഹം, കാരുണ്യം, അനുസരണ... എല്ലാം പഠിപ്പിച്ചൊരെൻ
അദ്ധ്യാപകരാം എൻ ജീവിത വഴികാട്ടി....







**Muhamed Shabil**
1St Year B.Com B

# കൂട്ടുകാർ

മണ്ണിൽ കുഴിച്ചിട്ട തൈ, മഴ കൊണ്ടുപോയതും
മനസ്സിൽ കുഴിച്ചിട്ടതൊക്കെയും ബാക്കിയായ്
ലോകം കാട്ടികൊതിപ്പിച്ചയാഗ്രഹം
ആകാശം തൊടാൻ.... പ്രതീക്ഷകൾ
വീഴ്ന്നുടയുന്ന വൻ താഴ്ചയിലേക്കല്ല-
കൈപിടിച്ചുയർത്തുന്ന ധൈര്യമാം കൂട്ടുകാർ
വരും ജീവിതം വർണ്ണമഴയാക്കാൻ
അരികിലുണ്ടാകണം എന്നുമെൻ കൂട്ടുകാർ
ആപത്തുകാക്കുവാൻ എൻ അരികിലാരുമില്ല
തള്ളിപറഞ്ഞ എൻ കൂട്ടുകാർ മാത്രമായ്
ഒരായുസ്സിലേക്ക് ഒന്നായിരിക്കുവാൻ
ഒരു കാലത്തു നാം ഒന്നിച്ചിരുന്നിടാം...

# ഗുൽമോഹർ

ഒരു സഖാവിനെ പ്രണയിക്കണം
അവന്റെ മുദ്രാവാക്യത്തിലും
പ്രണയത്തിന്റെ ചൂടിൽ വികാരങ്ങളില്ലാതെ
ഇടനെഞ്ചിൽ വിരിയുന്ന ഗുൽമോഹർ പോലെ
ചുവന്നു നിൽക്കണം

ആ തണലും തേടി അവൻ വരുമ്പോൾ
എനിക്ക് ഉറക്കെ പറയണം

സഖാവേ....

നിനക്കായ് ഞാൻ പൊഴിച്ച
പൂക്കൾ പോലും ഇന്ന്
ഈ മണ്ണിനെ പ്രണയിച്ചു തുടങ്ങിയിരിക്കുന്നു....



**Sudev**
5th Semester B.Com



B.Com - Final Year



BA English - First Year

# New Alliance

**Events, Caterings Wedding Stage Decorations**

ERAMANGALAM -KALATHILPADI

Office : 9946 322 333, Mob :9048 462 997














**B.Com A - Second Year**



**B.Com B - Second Year**

# ജലശുദ്ധീകരണം

## നിങ്ങളുടെ കുടിവെള്ളവും യഥാർത്ഥ മിനറൽ വാട്ടറാക്കാം

കിണർ, കുഴൽകിണറുകൾ, പൈപ്പുലൈനുകൾ എന്നിവയിൽ നിന്ന് ലഭിക്കുന്ന കട്ടി കൂടിയതോ, ഉപ്പിന്റെ സാന്നിദ്ധ്യം ഉള്ളതോ ചെളി, മണം, നിറം, കറ, കട്ടിപ്പ് തുടങ്ങിയ നിങ്ങൾ അനുഭവിക്കുന്ന ജലസംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം.

മനുഷ്യ ശരീരത്തിന് ഏറ്റവും കൂടുതൽ മാരകമായ രോഗങ്ങളെ ഉണ്ടാക്കുന്ന ബാക്ടീരിയ/വൈറസുകളായ Coliform, Staphylococcus, Aureus, Salmonella, Vibrio Cholera എന്നിവയെ Reverse Osmosis (RO) സംവിധാനം വഴി നിങ്ങൾ ഉപയോഗിക്കുന്ന ജലം ശുദ്ധീകരിക്കുന്നതോടൊപ്പം അത്യാവശ്യ പ്രകൃതിദത്ത ലവണങ്ങളുടെ അളവ് കൂടുതലോ ആകാതെ നിലനിർത്തുന്നു. വാട്ടർ ടാങ്കിൽ നിന്നും വരുന്ന വെള്ളം ശുദ്ധീകരിക്കുന്ന, വലിയ വെസ്സൽ ഫിൽട്ടറുകളും, കിച്ചണിൽ വെക്കുന്ന പ്യൂരിഫെയറുകളും ഞങ്ങളിലൂടെ ഒരു വർഷം മുതൽ 10 വർഷം വരെ വാറന്റിയോട് കൂടി ലഭിക്കുന്നു.

**റസ്റ്റോറന്റുകൾ, ഹോട്ടലുകൾ, ബേക്കറികൾ, ഓഡിറ്റോറിയങ്ങൾ മുതലായവയ്ക്കാവശ്യമായ എല്ലാതരം ഫിൽട്ടർ, പ്യൂരിഫയർ പ്ലാന്റുകൾ ഇൻസ്റ്റാൾ ചെയ്ത് കൊടുക്കുന്നു.**

**ജലത്തിലെ TDS. pH, Hardness എന്നിവ സൗജന്യമായി പരിശോധിക്കുന്നു**

BLUE MOUNT

Sabse Pure. Sabse Healthy.

**Bluemount Alkaline RO Purifier ന്റെ അംഗീകൃത വിതരണക്കാർ**

**എല്ലാവിധ വാട്ടർ പ്യൂരിഫയറുകളും റിപ്പയർ ചെയ്യുന്നതാണ്**

807 808 4003
790 255 1120




**WATER TREATMENT SOLUTIONS**
**SALES , SERVICE & SPARES**

**പനമ്പാട് വളവ്**



B.Com A ( First year)



B.Com B (First year)



പരിശുദ്ധിയുടെ
പൊൻചാർത്ത്
nuha
GOLD
KM COMPLEX, KARINKALLATHANI
CALL: 0494 2676 780 / 2676 916



BSc Ist Computer Science (Ist Year)



BBA (Ist Year)



**അഭിമുഖം**

**ജയ്സൽ കെ.പി.**

# സ്നേഹമാണതിസാഗരം

**2018 പ്രളയത്തിൽ ബോട്ടിൽ കയറാൻ സ്ത്രീകൾക്ക് സ്വന്തം മുതുക് ചവിട്ടു പടിയാക്കി കിടന്ന് സ്നേഹ-സൗഹാർദ്ദങ്ങളുടെ പുതിയ മാനങ്ങളുണ്ടാക്കിയ മലപ്പുറം താനൂർ സ്വദേശി ശ്രീ. കെ.പി. ജയ്സലുമായി '*കാലത്തിന്റെ കയ്യൊപ്പുകൾ*' മാഗസിനുവേണ്ടി മാഗസിൻ കമ്മിറ്റി നടത്തിയ അഭിമുഖം.**



*ഞങ്ങൾ വെളിയങ്കോട് എം.ടി.എം. കോളേജിലെ വിദ്യാർത്ഥികൾ. പ്രളയാനന്തരം താങ്കൾ കേരള ക്കരയുടെ അഭിമാനമായി മാറിയിരിക്കുകയാണല്ലോ... അതിനെക്കുറിച്ച് ഞങ്ങളുടെ മാഗസിനിൽ താങ്കളുമായുള്ള ഒരു സൗഹൃദ സംഭാഷണം ഉൾക്കൊള്ളിക്കാൻ വേണ്ടിയാണ് ഞങ്ങൾ വന്നത്...*

ജൈസൽ: ആയ്ക്കോട്ടെ അറിയാനുള്ളത് ഞാൻ കഴിയുന്നത്ര പറയാം.

*ചോദ്യം: താങ്കളുടെ കുടുംബം?*

ജൈസൽ: ഞങ്ങൾ 5 മക്കളാണ്. രണ്ടാമനാണ് ഞാൻ. ഭാര്യയും മൂന്ന് മക്കളുമുണ്ട്

*ചോദ്യം: ജോലിയെ സംബന്ധിച്ച്?*

ജൈസൽ: ജീവിതത്തിൽ എല്ലാ ജോലികളും ചെയ്തിട്ടുള്ളയാളാണ് ഞാൻ. രക്ഷാപ്രവർത്തനങ്ങളാണിപ്പോഴത്തെ ജോലിയെന്നു പറയാം. പ്രളയത്തിൽ കേരളം മുങ്ങിത്താഴ്ന്നപ്പോൾ ഞങ്ങൾ ചവിട്ടി ഉയർത്തിയ കേരളക്കര ഞങ്ങളെ അകമഴിഞ്ഞു സ്നേഹിക്കുന്നത് നന്ദിപൂർവ്വം ഞങ്ങൾ ഓർക്കുന്നു. പ്രളയകാലത്ത് മാത്രമല്ല ഞങ്ങൾ രക്ഷാ പ്രവർത്തനം ചെയ്യുന്നത് പോലീസിന്റെ നിർദ്ദേശമനുസരിച്ച് ഞങ്ങൾ എല്ലായിടത്തുമെത്തുന്നുണ്ട്. പാറക്കെട്ടുകൾക്കിടയിലൂടെ കടലിലേക്കിറങ്ങി ഒരു ബോഡി പൊക്കിയെടുത്തതെല്ലാം ഇതിനുദാഹരണമാണ്.

*ചോദ്യം: പ്രളയത്തെക്കുറിച്ച്?*

ജൈസൽ: ഞങ്ങൾക്കെന്നും പ്രളയമാണ്. ആഗസ്റ്റ് 15 നു ശേഷമാണ് പ്രളയമെത്തുന്നത്, അതിനു മുമ്പേ ഞങ്ങൾ രക്ഷാപ്രവർത്തനത്തിലാണ്. ഉരുൾപൊട്ടൽ മേഖലയിൽ പ്രവർത്തിക്കുമ്പോഴാണ് നാട്ടിൽ മിക്ക വീടുകളിലും വെള്ളം കയറി മുങ്ങിയെന്ന വിളി വരുന്നത്. ഞാനും എന്റെ കൂട്ടുകാരനും (മരണപ്പെട്ടു, കൈകാൽ സ്വാധീനമില്ലാത്ത ആളായിരുന്നു) ബോയക്കപ്പലിലാണ് വെള്ളം കയറിയ വീടുകളിൽ നിന്നും വൃദ്ധന്മാരേയും കുട്ടികളേയും രക്ഷപ്പെടുത്തിയത്.

മുതലക്കാട് എന്ന സ്ഥലത്ത് കുറച്ച് കുടുംബങ്ങൾ കുടുങ്ങിയിട്ടുണ്ടെന്ന് എസ്.ഐ. വിളിച്ച് പറഞ്ഞപ്പോൾ ഞങ്ങൾ അങ്ങോട്ടുപോയി (രണ്ട് ട്യൂബുകൾ കരുതി). എന്നാൽ കൃത്യസ്ഥലത്ത് എത്താൻ രണ്ടുകിലോമീറ്ററോളം നീന്തണം. ട്യൂബിൽ പലക വെച്ച് സ്ഥലത്തെത്തി 13 കുടുംബങ്ങളെ രക്ഷപ്പെടുത്തി.

*ചോദ്യം: രക്ഷാപ്രവർത്തനത്തിനിടയ്ക്ക് ഭക്ഷണം?*

ജൈസൽ: വീട്ടുകാർ ഒഴിവാക്കാൻ വെച്ച ഭക്ഷണമാവും മിക്കപ്പോഴും... അതൊന്നും ഒരു പ്രശ്നമാകാറില്ല...

*ചോദ്യം: പ്രളയത്തിനുശേഷം താങ്കൾ സൈബർ മാധ്യമങ്ങളിൽ സ്ഥിരം സാന്നിദ്ധ്യമായതിക്കുറിച്ച്?*

ജൈസൽ: പ്രളയം ഒരു നിമിത്തം മാത്രം. അതിലേറെ ബുദ്ധിമുട്ടിയ പ്രവർത്തനങ്ങളേറെയുണ്ട്.. അഴുകിയ ജഡങ്ങൾ, ഷോക്കേറ്റ് തൂങ്ങിയാടുന്ന കെ.എസ്.ഇ.ബി. ജീവനക്കാരൻ.. അങ്ങനെയങ്ങനെ..

*ചോദ്യം: പ്രളയാനന്തരം താങ്കളുടെ ജീവിതത്തിലുണ്ടായ മാറ്റം?*

ജൈസൽ: എന്നിൽ കാര്യമായ മാറ്റമൊന്നുമുണ്ടായിട്ടില്ല. പക്ഷേ ഞങ്ങൾ ചെയ്യുന്ന പ്രവൃത്തിയെ ബഹുമാനിക്കുന്ന ഒരുപാട് പേർ സുഹൃത്തുക്കളായെത്തിയെന്നത് ശ്രദ്ധേയമാണ്. പലയിടങ്ങളിലും മൈക്കിൽ സംസാരിക്കേണ്ടി വന്നത് പേടിയകറ്റാൻ സഹായകമായി.

സമൂഹത്തിലെ വലിയ വലിയ വ്യക്തികളുമായി സംസാരിക്കാനും മറ്റും പ്രളയം കാരണമായി.

സ്വന്തം മുതുക് ചവിട്ടുപടിയാക്കിയതിലൂടെ ഒന്നുമില്ലാത്ത എന്നെ പടച്ചവൻ കൈപിടിച്ചുയർത്തിയെന്നത് നന്ദിപൂർവ്വം ഞാൻ എന്നും ഓർക്കാറുണ്ട്.

കേരളത്തിൽ എവിടെച്ചെന്നാലും പത്താളുകൾ തിരിച്ചറിയുന്നുവെന്നത് വലിയൊരുകാര്യമല്ലേ?

*ചോദ്യം: പ്രളയംകൊണ്ട് ജനങ്ങൾക്ക് എന്തു സന്ദേശമാണ് നൽകാനായത് എന്നാണ് താങ്കളുടെ അഭിപ്രായം?*

ജൈസൽ: മതസൗഹാർദ്ദം തന്നെയാണ് പ്രധാനം. ഇനിയും പരസ്പരമുള്ള കലഹം അവസാനിപ്പിച്ച് മുന്നോട്ടു പോകണമെന്നാണ് ഞാൻ പറയുന്നത്.

ഒത്തൊരുമയിലൂടെ മാത്രമേ അതിജീവനം സാധ്യമാകൂ എന്ന് നാം തിരിച്ചറിയണം. ഒരാളുടേയും സങ്കടം കാണാൻ കഴിയാത്ത മനസ്സാണ് എനിക്ക് ഇതി

നെല്ലാം തുണയാകുന്നത്. പരസ്പരസ്നേഹവും ബഹുമാനവുമാണ് നമുക്കിന്നാവശ്യം.

എന്റെ ഉപ്പ എന്നെ ആട്ടിയിറക്കിയിട്ടും ഞാൻ വീട്ടിൽ പോകും. അവരെ ഉംറയ്ക്കുകൊണ്ടുപോയി. എന്റെ സത്യസന്ധമായ വിശ്വാസങ്ങളാണ് ഇതിനെല്ലാം തുണയായത്.

*ചോദ്യം: പുതുതലമുറയോട് താങ്കൾക്കെന്താണ് പറയാനുള്ളത്?*

ജൈസൽ: നല്ല മനസ്സിനുടമകളാകണം. അങ്ങനെയാവുമ്പോൾ എവിടെയും മുന്നേറാൻ സാധിക്കും. കേരളം ദൈവത്തിന്റെ നാടാക്കി മാറ്റാൻ വേണ്ടി പ്രവർത്തിക്കണമെന്നാണ് പുതുതലമുറയോട് ഞാനാവശ്യപ്പെടുന്നത്.

*ചോദ്യം: ഇത്തരം പ്രവർത്തനങ്ങളിൽ വീട്ടുകാരുടെ നിലപാടെന്താണ്?*

ജൈസൽ: പലപ്പോഴും മുറുമുറുപ്പുകളുണ്ടാകും അത് ഞാൻ ശ്രദ്ധിക്കാറില്ല.

മോളൊരിക്കൽ എന്നാണ് പുതിയ വീട്ടിലേക്ക് മാറുക എന്നു ചോദിച്ചത് വലിയ നൊമ്പരപ്പെടുത്തലായിരുന്നു.

*ചോദ്യം: ഒരു സ്ത്രീ വള്ളത്തിൽ കയറാൻ മുതുകു കാട്ടിക്കൊടുക്കാനുണ്ടായ വികാരം?*

ജൈസൽ: ആണുങ്ങൾക്ക് കയറിപ്പറ്റാൻ കഴിയുന്ന പോലെ സ്ത്രീകൾക്ക് കഴിയില്ലല്ലോ. അവരുടെ ദയനീയത കണ്ടപ്പോൾ തോന്നി; അങ്ങനെ ചെയ്തു.

*ചോദ്യം: പ്രളയം വന്നപ്പോൾ ഒരുപാട് സഹായിക്കാനെത്തിയല്ലോ? അപ്പോൾ തോന്നിയതെന്ത്? അതിനു ശേഷം നിങ്ങളുടെ ജീവിതത്തിൽ വന്ന മാറ്റമെന്ത്?*

ജൈസൽ: ഞാൻ ഒരു സാധാരണക്കാരനാണ്. ഒരു വീടായിരുന്നു എന്റെ സ്വപ്നം. പ്രളയം കഴിഞ്ഞ പിറ്റേ ദിവസം തന്നെ സ്പെയ്സ് എന്ന സംഘടന എനിക്ക് വീട് പാസ്സാക്കി തന്നു. പിന്നെ ഓഫറുകൾ കൂടുതലൊന്നും ഞാൻ സ്വീകരിച്ചിട്ടില്ല.

*ചോദ്യം: ഗവൺമെന്റിന്റെ പുരസ്കാരങ്ങളോ മറ്റോ ലഭിച്ചിട്ടുണ്ടോ?*

ജൈസൽ: ഇല്ല. അതിനെക്കുറിച്ച് ഞാൻ ചിന്തിച്ചിട്ടില്ല.

*ചോദ്യം: അവസാനമായി എന്തെങ്കിലും ബാക്കി വെച്ചുവോ?*

ജൈസൽ: ഇല്ല. ഒന്നും ബാക്കിയില്ല. പക്ഷേ ഒന്നുണ്ട് രാഷ്ട്രീയമായ ചേരിതിരിവ് മനുഷ്യത്വത്തെ ഇല്ലാതാക്കുന്നത് കണ്ടുനില്ക്കരുത്. തടയാൻ കഴിഞ്ഞില്ലെങ്കിലും അതിനെ അനുകൂലിക്കരുത്.

*താങ്കൾക്കിനിയും രക്ഷാപ്രവർത്തനരംഗത്ത് സജീവമാകാൻ സാധ്യമാകട്ടെ. ദൈവം, നിങ്ങൾക്ക് ആയുരാരോഗ്യസൗഖ്യ പ്രദാനം ചെയ്യട്ടെ എന്നാശംസിച്ചുകൊണ്ട് ഞങ്ങൾ താൽക്കാലികമായി വിടപറയട്ടെ...*





# അവരെന്റെ മക്കളാണ്!

അവളിന്നും തിരഞ്ഞു അതേ മിഴിയാൽ
അവളിന്നും വിതുമ്പുന്നു അതേ വേദനയാൽ
അവളിന്നും അലയുന്നു അതേ വീഥിയിൽ
അവളിന്നും ബാക്കിയായി അതേ പീടിക തിണ്ണയിൽ

അന്ന് അവളുടെ മിഴികൾക്ക്
നൊമ്പരങ്ങളെ ഒളിപ്പിക്കാൻ അറിയാമായിരുന്നു.
ഇന്ന് അവളുടെ കൺതടങ്ങളിലെ
ചുളിവുകൾക്ക് നൊമ്പരങ്ങളെ ഒളിപ്പിക്കാൻ ആവില്ല.

കാലങ്ങൾക്ക് മായ്ക്കാൻ സാധിക്കാത്ത സത്യത്തെ,
നെഞ്ചോടുചേർത്തു പറയാൻ, അവർക്കിന്നും
കഴിയും അവരെന്റെ മക്കളാണ്.
ഇന്ന് അവർക്ക് വേദനയില്ല, ആഗ്രഹങ്ങളില്ല

പ്രതീക്ഷകളില്ല. ഇന്നവളുടെ മിഴികൾക്ക് ഒന്നും
പറയാനില്ല, അവശേഷിച്ച പീടിക തിണ്ണയിൽ
ഉണരാനൊരു സമയം നിശ്ചയിക്കാതെ
മയങ്ങുകയാണ്!



**Safareena T.K.**
3rd Year B.Com

# ഒരു യാത്രാമൊഴി

വിട ചൊല്ലും നേരമിന്നെൻ ഹൃദയം
നോവുന്നു തീയോളം വേദനയിൽ
പടിയിറങ്ങും ഈ നിമിഷത്തിൽ
ഞങ്ങൾ യാത്ര ചോദിക്കുന്നു കൂട്ടുകാരേ....
അറിവിൻ കവാടം തുറന്നു നൽകീടുമെൻ
ഗുരുവിനോടും എന്റെ യാത്രാമൊഴി,
ഇന്നെൻ കയ്യിലെ പുസ്തക താളുകളോ-
രോന്നും ചൊല്ലുന്നു യാത്രാമൊഴി,
കലാലയ മതിലുകൾ സാക്ഷിയായ്, നമ്മൾ
സൗഹൃദം പങ്കിട്ട നാളുകളോരോന്നും
ഓർമ്മകൾ മാത്രമായ് മാറിടുന്നു.
ആവില്ല ഞങ്ങൾക്കീ പടിയിറങ്ങാൻ,
ആവില്ല ഞങ്ങൾക്ക് യാത്രയാകാൻ,
ഒരുപാട് സ്വപ്നങ്ങൾ ബാക്കി നിൽക്കെ
ഹൃദയത്തിൽ കൈവെച്ച് ചൊല്ലുന്നിതാ....
യാത്രാമൊഴി.... യാത്രാമൊഴി.... യാത്രാമൊഴി



# നവദേശ സ്നേഹികൾ



**Haneefa**
B.Com II Year

ഇന്ത്യയുടെ ആകാശത്തുനിന്ന് ഇപ്പോൾ കോരിച്ചൊരിയുന്നത് പ്രകോപന പ്രസ്താവനകളുടെ പേമാരിയാണ്. ഇന്ത്യയെ ഇന്ത്യയാക്കുന്ന സർവ്വസ്മരണകളേയും മായ്ച്ചുകളയാനുള്ള ആസൂത്രിത ശ്രമങ്ങളാണ് യാദൃശ്ചികമെന്ന് തോന്നുമാറ് ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ആദ്യഭീകരനായ നാഥൂറാം വിനായക് ഗോദ്സെ, മഹാത്മാഗാന്ധി വധം നടന്ന അന്നുമുതൽ ഒരു താരപരിവേഷം ലഭിച്ചിരുന്നുവെന്നുള്ളത് ഇന്ന് ജനാധിപത്യവാദികളൊക്കെയും ഓർത്തെടുക്കേണ്ടതുണ്ട്. ഗോദ്സെ ഒരിക്കലും ഗാന്ധിവധത്തെയോർത്ത് കരഞ്ഞിട്ടില്ല. കാരാഗൃഹത്തിന്റെ ഇരുണ്ട അകത്തളങ്ങളിൽ ഒറ്റക്കിരിക്കുമ്പോൾ പോലും കുറ്റബോധത്തിന്റെ ഒരു തുള്ളി കണ്ണീർ ആ കണ്ണുകളിൽ നിന്ന് ഇതിർന്നുവീഴുകയുണ്ടായില്ല. ഏറ്റവും മഹത്തായ ഒരു പുണ്യകൃത്യം ചെയ്ത ചാരിതാർഥ്യത്തോടെയാണ് ഗാന്ധിവധം ഗോദ്സെ ആസ്വദിച്ചത്! കോടതിയിൽ സ്വന്തം കുറ്റം സ്വയം ന്യായീകരിച്ച് നടത്തിയ നീണ്ട വിശദീകരണത്തിലൊരിടത്തും ഗാന്ധിവധത്തെക്കുറിച്ചോർത്ത് ആ കണ്ണൊന്നു കലങ്ങുകയോ ആ ചങ്കൊന്ന് ഇടറുകയോ ചെയ്യുകയുണ്ടായില്ല. കനിവിന്റെ കണ്ണുനീരൊക്കെയും വറ്റിയ ആ കൊടും ക്രിമിനലിനുവേണ്ടി എന്നിട്ടും കരയാൻ അന്ന് ഇന്ത്യയിൽ ഏറെ മനുഷ്യരുണ്ടായിരുന്നു! വിചാരണക്കോടതിയിൽ ഗോദ്സെയുടെ ഗാന്ധിവധ ന്യായങ്ങൾ കേട്ട് പുരുഷൻമാർ തൂവാലകൊണ്ട് കണ്ണ് തുടക്കുകയും സ്ത്രീകൾ വാവിട്ട് കരയുകയും ചെയ്തുവത്രെ! ജസ്റ്റിസ് ജി.ഡി കോസല വികാരനിർഭരായ ഈ രംഗത്തെ സാക്ഷിയാക്കി എഴുതിയത് ഗോദ്സെക്ക് ശിക്ഷ വിധിക്കാൻ വിചാരണവേളയിൽ തിങ്ങിക്കൂടിയ ജനങ്ങൾക്ക് ആ കോടതി അവകാശം നൽകിയിരുന്നെങ്കിൽ, അവർ ഗോദ്സെയെ കുറ്റമുക്തനാക്കുമായിരുന്നുവെന്നാണ്.

മഹാത്മാഗാന്ധിയുടെ ചോര, നീതിക്കുവേണ്ടി നിലവിളിക്കുന്ന ഒരു നേരത്താണ് ഗോദ്സെക്കുവേണ്ടി ഒരു വിഭാഗം മനുഷ്യൻ ആർത്തുകരഞ്ഞത്. സ്വന്തം ന്യായവാദങ്ങളവസാനിപ്പിച്ച് കുറ്റബോധത്തിന്റെ ഒരു നിഴൽപ്പാടുമില്ലാതെ കോടതിയിൽ നിന്ന് ജയിലിലെത്തിയ ഗോദ്സെക്ക് ഏറ്റവും ഇഷ്ടപ്പെട്ട കാപ്പി ഉണ്ടാക്കി സൽക്കരിക്കുകയാണ് ജയിലിലെ ഉദ്യോഗസ്ഥർ ചെയ്തത്. സാധാരണ തടവുകാർക്ക് അവർക്കർഹതപ്പെട്ട പ്രാഥമിക മനുഷ്യാവകാശങ്ങൾ പോലും അനുവദിക്കാത്തവരാണ്; സ്വന്തം രാഷ്ട്രപിതാവിനെ കൊന്ന നമ്പർ വൺ ഭീകരന് പ്രത്യേക പരിഗണനകൾ നൽകിയത് 1949 നവംബർ 15 ന്, ഗോദ്സെയെ തൂക്കിലേറ്റിയതോടെ ആ ഭീകരദുർഭൂതം ഇന്ത്യയെ വിട്ടൊഴിഞ്ഞു എന്ന് കരുതിയവർക്കൊക്കെയും തെറ്റി. ഇന്നും ആ ഭീകരദുർഭൂതം ജനാധിപത്യത്തെ വെല്ലുവിളിച്ചുകൊണ്ടിരിക്കുകയാണ്. ഗോദ്സെ തൂക്കിലേറ്റപ്പെട്ട നവംബർ 15 നവ ഫാഷിസ്റ്റുകൾക്ക് ശൗര്യദിനമാണ്. ആ കൊടും ഭീകരന് ക്ഷേത്രങ്ങളുണ്ടാക്കാനുള്ള ശ്രമങ്ങൾ ശക്തിപ്പെടുകയാണ്. ലോകത്തൊരിടത്തും സ്വന്തം രാഷ്ട്രപിതാവിനെ കൊന്നവർക്കും അതിന് പിന്തുണച്ചവർക്കും നാളിതുവരെ ലഭിച്ചിട്ടില്ലാത്ത സ്പെഷൽ പരിഗണനകളാണ് നവ ഫാഷിസ്റ്റ് ഇന്ത്യയിൽ സവർക്കർ, ഗോദ്സെമാർക്ക് കിട്ടികൊണ്ടിരുന്നത്.


പിരി ലൂസായ ഏതോ ഒരുത്തൻ നടത്തിയ കൊലയായി ഗാന്ധിയുടെ രക്തസാക്ഷിത്വത്തെ അവഹേളിക്കുന്നവർ സത്യത്തിൽ കൊലയാളികളേയും കൊലക്കുപിന്നിലെ പ്രത്യയശാസ്ത്രത്തെയും മഹത്വപ്പെടുത്തുകയാണ് ചെയ്യുന്നത്. ഒരു മാന്ത്രികന് ഉമിക്കരി പഞ്ചസാരയാക്കാൻ കഴിയും. പക്ഷെ ഒരിക്കലും ഒരു ഭീകരനെ മഹാനാക്കാൻ കഴിയില്ല. എന്നാൽ അധികാരത്തിന് അതിലപ്പുറവും കഴിയും. അങ്ങനെയാണ് രുചികരമായ ബിരിയാണിയും പോഷകസമൃദ്ധമായ ബീഫും കുളിർമ നൽകുന്ന പച്ചയും മഹാത്മാഗാന്ധിയുമെല്ലാം ഇന്ത്യയിലിപ്പോൾ, ദേശദ്രോഹികളുടെ പട്ടികയിലായത്!

മഹാത്മാഗാന്ധിയുടെ 71-ാം രക്തസാക്ഷിത്വദിനത്തിലാണ്, 2019 ജനുവരി 30ന് ഹിന്ദുമഹാസഭ ദേശീയ നേതാവ് പൂജാശകുൻ പാണ്ഡേയുടെ നേതൃത്വത്തിൽ അലീഗഢിൽ, ഗാന്ധിവധത്തിന്റെ നാടകീയ പുനരാവിഷ്ക്കാരം നടന്നത്. മധുരം വിളമ്പിയായിരുന്നു ആഘോഷം. ഗാന്ധിജിയെ കൊന്നതിനുശേഷം പുണെയിലും ജയ്പൂരിലും ഗ്വാളിയോറിലും ഇങ്ങ് തിരുവനന്തപുരത്തുമടക്കം പല സ്ഥല

ങ്ങളിൽ നടന്ന ഭീകര മധുരാഘോഷത്തെ അനുസ്മരിപ്പിക്കും വിധമായിരുന്നു ആ മധുര വിതരണം. ഗോദ്സെയുടെ ചിത്രത്തിൽ മാലചാർത്തി, ഗാന്ധിയുടെ കോലമുണ്ടാക്കി, അവർ വെടിയുതിർത്ത് ആഘോഷിച്ചു. കോലത്തിനുള്ളിൽ നിന്ന് ചുവന്ന ദ്രാവകമൊഴുക്കി. ഗോദ്സെ മുമ്പ് ജനിച്ചിരുന്നില്ലെങ്കിൽ, ഗാന്ധിയെ ഞാൻ കൊല്ലുമായിരുന്നുവെന്ന് ശകുൻപാണ്ഡെ പ്രസ്താവിച്ചു. സ്വന്തം രാജ്യത്തിന്റെ രാഷ്ട്രപിതാവിനെ മരണാനന്തരം കൊന്നിട്ടും ആ ജ്വലിക്കുന്ന സ്മരണകൾക്കുമുന്നിൽ ആണവമാലിന്യങ്ങളേക്കാൾ മലിനമായ വാക്കുകൾ ചൊരിഞ്ഞിട്ടും അതൊരു ഭീകരകൃത്യമായി ഇന്ത്യയിൽ അടയാളപ്പെടുത്തപ്പെട്ടില്ല. മറ്റേതെങ്കിലുമൊരു രാജ്യമായിരുന്നുവെങ്കിൽ, അല്ലെങ്കിൽ ശരിക്കുള്ള ജനാധിപത്യം ഇന്ത്യയിൽ പ്രവർത്തിച്ചിരുന്നുവെങ്കിൽ സ്വന്തം രാഷ്ട്രപിതാവിനെ മരണാനന്തരവും അവഹേളിക്കുന്നവർക്ക് ഹിന്ദിയിൽ നൃത്തം ചവിട്ടുന്ന പിന്മുറക്കാരുണ്ടാവുമായിരുന്നില്ല. പക്ഷേ, ഇന്ത്യയിൽ മതനിരപേക്ഷത, ബഹുസ്വരത, സോഷ്യലിസം, സാമൂദായിക സൗഹാർദ്ദം തുടങ്ങി ഇന്ത്യയെ നിരവധി പരിമിതികൾക്കിടയിൽ ഇന്ത്യൻ യൂണിയനാക്കി നിലനിർത്തിയ മൂല്യങ്ങളെയാകെ അപഹസിക്കുന്ന പ്രവണതകളാണ് മേൽക്കൈ കിട്ടികൊണ്ടിരിക്കുന്നത്. ഇപ്പോഴിതാ ഒരു പ്രജ്ഞ സിങ്ങ് ഠാക്കൂറും!

പ്രജ്ഞസിങ്ങ് നാടിനെയാകെ നടുക്കിയ 2008ലെ മാലേഗാവ് സ്ഫോടനത്തിലെ മുഖ്യപ്രതിയാണ്. ഭീകരവിരുദ്ധ പോരാട്ടത്തിൽ രക്തസാക്ഷിയായ, ഇന്ത്യ അഭിമാനത്തോടെ ഓർക്കുന്ന, ഹേമന്ത് കർക്കറെയെ ഞാൻ ശപിച്ചുകൊന്നതാണെന്ന് പ്രഖ്യാപിച്ചത് ഇതേ പ്രജ്ഞ സിങ്ങ് ഠാക്കൂറാണ്. അവരെ പിന്തുണച്ചതുകൊണ്ട് അതേ സ്ഫോടനകേസിലെ മുഖ്യപ്രതികളിൽ ഒരാളായ രമേഷ് ഉപാധ്യായ പറഞ്ഞത്, എതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ എവിടെയെങ്കിലും കൊല്ലപ്പെട്ടാൽ അവരെയൊന്നും രക്തസാക്ഷിയെന്ന് വിളിക്കാൻ കഴിയില്ലെന്ന നിലപാടാണ് പ്രജ്ഞക്കുമുന്നിൽ മഹാത്മാഗാന്ധി താൽക്കാലികമായെങ്കിലും മടങ്ങിയത്. ഇന്ത്യൻ മതനിരപേക്ഷതക്കേറ്റ കനത്ത ആഘാതമാണത്. ഗോദ്സെ ഇന്ത്യയിലെ ആദ്യത്തെ ഭീകരനാണെന്ന് പറഞ്ഞ് പ്രശസ്ത അഭിനയപ്രതിഭ കമൽഹാസന് കല്ലേറ് അതേ ഭീകരനെ മഹാനായ ദേശീയവാദിയും രക്തസാക്ഷിയുമായി അവതരിപ്പിക്കുന്ന പ്രജ്ഞ സിങ്ങ് ഠാക്കൂർമാർ അവതരിപ്പിക്കുന്ന മതജാതി രാഷ്ട്രീയ വ്യത്യാസങ്ങൾക്കപ്പുറം നമ്മൾ ചവിട്ടിനിന്ന മനുഷ്യത്വത്തിന്റെയും മതനിരപേക്ഷതയുടെയും മണ്ണിലാണ്. മാലേഗാവ് സ്ഫോടനകേസിലെ മുഖ്യപ്രതിയായ പ്രജ്ഞസിങ്ങ് സത്യത്തിൽ ജാമ്യം നേടിയത് കടുത്ത രോഗിയാണെന്നും പരസഹായമില്ലാതെ ഒന്നും ചെയ്യാനാവില്ലെന്നും പറഞ്ഞുകൊണ്ടാണ്. ആ ഒന്നും ചെയ്യാനാവാത്ത അവരാണിപ്പോൾ സ്വന്തം രാഷ്ട്രത്തിന്റെ പ്രതിച്ഛായ മലിനമാക്കും വിധം രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ കൊലയാളിയെ ആദർശവൽക്കരിച്ച് ഇന്ത്യൻ പാർലമെന്റിൽ എത്തിയിരിക്കുന്നത്. കഴിഞ്ഞദിവസം, ഹിന്ദുമഹാസഭ സവർക്കറുടെ ജന്മവാർഷികം ആഘോഷിച്ചത് വിദ്യാർത്ഥികൾക്ക് കത്തിയും ഗീതയും വിതരണം ചെയ്തുകൊണ്ടാണ്, എന്നാൽ ഗാന്ധി ഗീതയിൽ നിന്നുപോലും കുഴിച്ചെടുത്തത് അഹിംസയാണ്. ഇന്ന് പ്രജ്ഞ സിങ്ങ് ഠാക്കൂറടക്കമുള്ളവർ ഗാന്ധിജിയുടെ ആ ഹൃദയസ്പർശിയായ കാഴ്ചപ്പാടിനോടാണ് പ്രതികരിക്കേണ്ടത്. അതിനവർക്കൊരിക്കലും കഴിയില്ല, അതിനുപകരമവർ കൂടുതൽ ഗോദ്സെമാരെ വാർത്തെടുക്കാനുള്ള ശ്രമത്തിലാണ്.

1948ൽ ഇതേ ഭോപ്പാലിൽ യൂനിയൻ കാർബൈഡ് കമ്പനിയുടെ നിർമ്മാണത്തിനാവശ്യമായ മീഥൈൽ ഐസൊസൈനേറ്റ് വാതകരൂപത്തിൽ സംഭരിച്ചിരുന്ന ടാങ്ക് പൊട്ടി ആയിരക്കണക്കിന് ആളുകൾ മരിച്ചപ്പോൾ ഭോപ്പാൽ റെയിൽവേ സ്റ്റേഷനിൽ ആരാരുമറിയാത്തൊരു സ്റ്റേഷൻ മാസ്റ്റർ വിഷപ്പുകയിൽ നിന്ന് തീവണ്ടി യാത്രക്കാരെ രക്ഷിക്കാൻ വിശ്രമമില്ലാതെ വണ്ടികൾ തിരിച്ചുവിട്ട് പതിനായിരങ്ങളെ രക്ഷിക്കുന്നതിനിടയിൽ അവിടെ വീണ് മരിച്ചുപോവുകയുണ്ടായി. എന്നാൽ പ്രജ്ഞാസിങ്ങിന്റെ മേൽവിലാസം മാത്രമല്ല മറ്റു മുഴുവൻ വിവരങ്ങളും ലഭ്യമാണ്. പക്ഷെ, എന്തു കാര്യം? പതിനായിരങ്ങളെ സംരക്ഷിക്കുന്നതിനിടയിൽ മരിച്ചുപോയ പേരറിയാത്ത ഭോപ്പാലിലെ, ജീവിതത്തിൽ പ്രായോഗികാർത്ഥത്തിലെങ്കിലും പരാജയപ്പെട്ട ആ സ്റ്റേഷൻ മാസ്റ്ററെക്കുറിച്ച് ഭാരതീയ സംസ്കാരത്തിന്റെ മഹത്തായ പ്രതീകം എന്ന് ഇന്നെങ്കിലും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞിരുന്നുവെങ്കിൽ, അത് മനുഷ്യരാശിയെ സംബന്ധിച്ചിടത്തോളം മഹത്തായ ഒരു അനുഭവവും അനുഭൂതിയുമാവുമായിരുന്നു. അതിനുപകരം ഇന്ത്യൻ മതനിരപേക്ഷതയെ അവഹേളിച്ച പ്രജ്ഞ സിംങ് ഠാക്കൂറിനെയാണ് ഈ വിധം അദ്ദേഹം ആദരിച്ചതെന്നുള്ളത്. ഒരു രണ്ടാംവട്ട ഭോപ്പാൽ കൂട്ടക്കൊലയെയാണ് സങ്കടപ്രതിഷേധങ്ങളോടെ അനുസ്മരിപ്പിക്കുന്നത്. ആദ്യം ഗൗരവമായി പ്രത്യക്ഷപ്പെടുന്ന ചരിത്രം പിന്നീട് പ്രഹസനമായി മാത്രമല്ല, ചിലപ്പോൾ മനുഷ്യത്വത്തിന്റെ ചങ്കുതുളക്കുന്ന ഭീകരതയായും മാറും. പ്രജ്ഞസിങ് ഠാക്കൂർമാരായും മാറും എന്നും പറയാം!



# അതിജീവനത്തിന്റെ നിപ ഒപ്പം കണ്ണീരിന്റേയും

ജനനത്തിനും മരണത്തിനുമപ്പുറം ഒരു ലോകമുണ്ടെന്ന് കേരളജനത തിരിച്ചറിഞ്ഞ സമയമായിരുന്നു അത്. ഒരൊറ്റ കീടാണുവിലൂടെ ദൈവത്തേയും മനുഷ്യന്റെ അഹങ്കാരങ്ങളേയും മാറ്റിമറിച്ച ജീവിതാനുഭവം. ഒരു കേൾവിക്കാരനെപ്പോലെ കേട്ടുനിന്നവർപോലും കിടുകിടാ വിറച്ച നിമിഷം. കേരളക്കരയാകെ നിപ പിടിച്ചുലച്ചിട്ട് ഒരാണ്ട് തികഞ്ഞുവെങ്കിലും ജനഭീതി ഇപ്പോഴും വിട്ടൊഴിഞ്ഞിട്ടില്ല. ലോകം ഞെട്ടിത്തരിച്ചത് ഓരോരോ ജീവിൻ വീണുപിടയുമ്പോഴായിരുന്നു. കാലത്തിന്റെ വികൃതികളായി എല്ലാവരും വിധിയെഴുതിയപ്പോൾ നഷ്ടപ്പെട്ടവർക്ക് അതൊരു തീരാ കനലായിരുന്നു.


കാലത്തിന്റെ നെട്ടോട്ടത്തിൽ കയ്യൊപ്പിട്ട പുഞ്ചിരിച്ചവർക്കെല്ലാം ഈ ദുരന്തം സമ്മാനിച്ചത് പെയ്തൊഴിയാത്ത കണ്ണീർക്കടലായിരുന്നു. കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും പരിസരപ്രദേശത്തും നിപയെന്ന വൈറസ് കവർന്നെടുത്തത് 16 ജീവനുകളാണ്. 2018 മെയ് 5 ന് പേരാമ്പ്രയിലെ സാബിത്തിന്റെതായിരുന്നു ആദ്യമരണം. പിന്നീട് വിധിയുടെ വിളയാട്ടമെന്നോണം ദൈവം കവർന്നെടുത്തത് ഒരേ വീട്ടിലെ 3 ജീവനുകളെ. അപ്പോഴാണ് ലോകം പോലും ഞെട്ടലോടെ പേരാമ്പ്രയെ ഉറ്റുനോക്കിയത്. പിന്നീടങ്ങോട്ട് പോരാട്ടങ്ങളുടേയും അതിജീവനത്തിന്റേയും നാളുകളായിരുന്നു. ലോകമൊന്നാകെ പേരാമ്പ്രയെ ഉറ്റുനോക്കിയപ്പോൾ ഭയന്ന് വിറച്ച് അലങ്കാരത്തിന്റെ വേഷങ്ങളൊന്നുമില്ലാതെയായിരുന്നു ഓരോ മനുഷ്യനും വിധിയെ ഉറ്റുനോക്കിയിരുന്നത്.

മരണത്തിന്റെ ചിറകടിയൊച്ചകൾക്കൊപ്പം തന്റെ കാൽവിരലുകൾ ചലിക്കുന്നതും നോക്കി ഓരോരുത്തരും ഭയത്തോടെയാണ് ദിനരാത്രങ്ങൾ തള്ളിനീക്കിയത്. പിന്നീട് ആശങ്കകളിൽ നിഴലാടിയായിരുന്നു ഓരോ നിമിഷവും. 'നിപ' എന്ത്? എങ്ങനെ വന്നു? എന്തിൽ നിന്ന്? ഇതെല്ലാം ചോദ്യചിഹ്നങ്ങൾ ആയി നിലനിന്നപ്പോൾ ഒരുപാട് സമയം വേണ്ടിവന്നു ആ ആശങ്കകളെയെല്ലാം ഭേദിക്കാൻ. കവലകളെല്ലാം നിശബ്ദമായി, തെരുവോരങ്ങൾ ശൂന്യമായി, ആളുകൾ പരസ്പരം ഒഴിഞ്ഞുമാറി. ഉറ്റവരെ നഷ്ടപ്പെട്ടവർ ആ സങ്കടത്തിനപ്പുറം ഒറ്റപ്പെടലും നിപ രോഗികളുടെ കുടുംബത്തെ വേട്ടയാടി. എങ്ങും മുഖവും മൂക്കും പൊത്തി നടക്കുന്നവർ മാത്രമായി പേരാമ്പ്ര. അപ്പോഴേക്കും സാബിത്തിൽ നിന്നും തുടങ്ങി നിപയെന്ന ഭീകര ജീവി 16 പേരുടെ ജീവനെടുത്തിരുന്നു. പിന്നീട് എങ്ങും ഭീതിമാത്രമായിരുന്നു കൂട്ട്.

ദിവസങ്ങൾ നീണ്ട പനിയിലൂടെ തലച്ചോറിനെ കാർന്ന് തിന്നാൻ ശേഷിയുള്ള ഒരു മാരകവസ്തുവായി നിപ മാറിയിരുന്നു. ഓരോ മരണവും ഒരു മുന്നറിയിപ്പായിരുന്നു. ജീവന്റെ കഴുത്തുഞെരിച്ച് ഓരോ ജീവിതവും പിടഞ്ഞുവീഴും എന്ന മുന്നറിയിപ്പ്. സാബിത്തിനെ പരിചരിച്ച് ലോകത്തിന് തന്നെ മാലാഖയായി മാറിയ ലിനി സിസ്റ്റർ ഇന്നും നമ്മുടെ നീറുന്ന ഓർമയാണ്. ജീവിതവും പണയം വെച്ച് കൊണ്ട് സാബിത്തിനെ പരിചരിച്ചപ്പോൾ ഒട്ടും പേടിക്കാതെ പുഞ്ചിരിച്ചായിരുന്നു ലിനിയുടെ കർത്തവ്യം. അവസാനം നിപ ആ കാരുണ്യത്തേയും കവർന്നെടുത്തപ്പോൾ കണ്ണുനീർ പോലും ആ കാല്ക്കൽ വീണു പൊട്ടിക്കരഞ്ഞിരുന്നു. എന്നിട്ടും ഭീതിവിട്ടൊഴിയാതെ കേരളം കിടുകിടാവിറച്ചു. നിപയെ അതിജീവിച്ചവരിൽ മാതൃകയായിരുന്നു കേരള ജനത. കൊല്ലും വൈറസിനെ നേരിട്ട നാട് എന്ന കീർത്തിയോടെ കോഴിക്കോട് ഉയർന്നുനിന്നു. ലോകരാജ്യങ്ങൾ വരെ നമ്മെ അഭിനന്ദിച്ചു. ഇനിയൊരു പകർച്ചവ്യാധിയെ തടയാൻ കേരളം ഇപ്പോൾ സജ്ജമാണ്.

എങ്കിലും വ്യക്തമായ കാരണങ്ങളില്ലാതെ എന്താണെന്നറിയാതെ ആശങ്കയിലാണ് നാം ഇപ്പോഴും. നിപ നമ്മെ പിടികൂടിയിട്ട് ഒരാണ്ട് കഴിഞ്ഞെങ്കിലും ഇപ്പോൾ നിപ തന്ന ഭീതി നമ്മെ വിട്ടൊഴിഞ്ഞിട്ടില്ല. വവ്വാലുകളിലൂടെയാണ് രോഗമെന്ന് നാം അവകാശപ്പെടുന്നുണ്ടെങ്കിൽ ഇതുവരെ വ്യക്തമായ സ്ഥിരീകരണം ആരോഗ്യവകുപ്പ് നൽകിയിട്ടില്ല എന്നത് നഗ്നമായ സത്യമാണ്. ഇന്നും കേരളം ഭീതിയുടെ മുൾമുനയിലാണ്. നിപയുടെ രണ്ടാംവരവ് നമ്മെ കാർന്നുതിന്നാൻ തുടങ്ങിയെന്നത് പച്ചയായ യാഥാർത്ഥ്യമാണ്. എത്രയെല്ലാം നാം സജ്ജമാണെന്ന് അവകാശപ്പെട്ടാലും കൊല്ലും വൈറസിനെ നാം ഒരു തേങ്ങലോടെയല്ലാതെ നേരിടാറില്ല. ലിനിയെന്ന വസന്തത്തെ പാടെ എരിച്ചുകളഞ്ഞപ്പോൾ ഒറ്റയ്ക്കായത് കുഞ്ഞു പൈതങ്ങളായിരുന്നു. അവർക്ക് കൂട്ടായി കേരളത്തിലെ അമ്മമാരുടെ വാത്സല്യവും.

കാലമേ... നീയെത്ര തളർത്തിയാലും തളരില്ല മലയാള ജനത... പോരാട്ടങ്ങൾക്കും അതിജീവനങ്ങൾക്കുമപ്പുറം ഞങ്ങൾ തിരിച്ചറിഞ്ഞത് ഐക്യമാണ്, ഒത്തൊരുമയാണ് അതിജീവനത്തിന്റെ കാണാപ്പുറങ്ങൾ തേടിയ കേരളത്തിന്റെ ജ്വലനമാണ്.



**Nesli Jamsmin P.M.**
B.Com 2nd Year A

# ഓർമ്മയിലെ ബാല്യം

**Ramsheena**
2nd B.Com

സ്നേഹവാത്സല്യങ്ങളേറ്റു വാങ്ങിയ
നാളുകളിലെന്നമ്മതൻ
ആയിരം കുഞ്ഞു കഥകളുടെ
അതിശയിപ്പിക്കുന്ന വർണലോക
മാണെനിക്കെന്റെ ബാല്യം.

നിഷ്ക്കളങ്കമാം മനസ്സുമായി ഓടി
നടന്നൊരാ നിറമാർന്ന വസന്ത
കാലമാണെനിക്കെന്റെ ബാല്യം
പുസ്തകത്താളിൽ പെറ്റുപെരുകിയ
മയിൽപ്പീലിതൻ കൗതുകമാ
ണെനിക്കെന്റെ ബാല്യം.

മറക്കുവാൻ കഴിയാത്ത കൊച്ചുകൂട്ടുകാരൻ
തൻ മുഖത്തെ മധുരമാർന്ന
പരിഭവമാണെനിക്കെന്റെ നെഞ്ചിലെ
ചിതലരിച്ചോരോർമകളായ്
നിറയുന്നൊരെന്റെ കൊച്ചുബാല്യം.



# ചെ ഗുവേര





**Irshad K.**
2nd Year B.Com A

അമേരിക്ക പോലുള്ള മുതലാളിത്ത രാജ്യങ്ങളുടെ പേടിസ്വപ്നമായിരുന്ന ധീര യോദ്ധാവ്. ക്യൂബൻ വിപ്ലവത്തെ മുന്നോട്ട് നയിച്ചവരിൽ പ്രധാനി. കമ്യൂണിസ്റ്റ് പാർട്ടി ഇത്രയേറെ ജനകീയമാവാൻ കാരണമായവരിൽ ഒരാൾ.

*"ഏണസ്റ്റോ ചെഗുവേര"*

1928 ജൂൺ 14ന് അർജന്റീനയിലെ റൊസാരിയോയിൽ Celia de la Serna y Llosa യുടേയും Ernesto Guevara Lynch ന്റേയും അഞ്ചു മക്കളിൽ മൂത്തവനായി ജനിച്ചു. പ്രസരിപ്പുള്ള കുട്ടിയായ ചെഗുവേരയെ കളിയാക്കി പിതാവിങ്ങനെ പറയാറുണ്ടായിരുന്നു.

"അവന്റെ ശരീരത്തിൽ വിപ്ലവകാരിയുടെ ആത്മാവാണെന്ന്". ചെറുപ്പത്തിൽ തന്നെ ലോകരാഷ്ട്രീയത്തെ കുറിച്ച് വ്യക്തമായ ആഴത്തിലുള്ള അറിവ് ഉണ്ടായിരുന്നു. "Che" എന്ന ചെല്ലപ്പേര് ക്യൂബൻ സഖാക്കൾ പിന്നീട് നൽകിയതാണ്. സ്പാനിഷ് ഭാഷയിൽ Che എന്ന പദത്തിന് സഖാവ്, ചങ്ങാതി, സഹോദരൻ എന്നൊക്കെയാണ് അർത്ഥം. പിതാവിൽ നിന്നും ചെസ്സ് കളി പഠിച്ച Che 12 വയസ്സ് മുതൽ പ്രാദേശിക മത്സരങ്ങളിൽ പങ്കെടുക്കാൻ തുടങ്ങി. എന്നാൽ മുതിർന്ന് വരും തോറും അദ്ദേഹത്തിന്റെ താല്പര്യം സാഹിത്യത്തിലേക്ക് മാറി. ''Pablo Neruda, John Keats, Federco Garcia Lorca, Gabrieia Mistral, Walt Whitman'' തുടങ്ങിയവരുടെ കവിതകളിൽ അദ്ദേഹം ആകർഷിക്കപ്പെട്ടു. Rudyard Kipling, Jose Harnandez ന്റെയും കൃതികൾ അദ്ദേഹത്തിന് ഇഷ്ടമായിരുന്നു. വീട്ടിൽ ഏതാണ്ട് 3000 പുസ്തകങ്ങളുണ്ടായിരുന്നു. ഈ പുസ്തകങ്ങളിലൂടെ അദ്ദേഹം കാറൽമാർക്സ് നെയും Juies Verne യെയുമെല്ലാം മനസ്സിലാക്കി തുടങ്ങി. കൂടാതെ ജവഹർലാൽ നെഹ്റു, ആൽബർട്ട് കാമു തുടങ്ങിയവരുടെ പുസ്തകങ്ങളും ആസ്വദിച്ചു. മുതിർന്നപ്പോൾ ലാറ്റിൻ അമേരിക്കൻ സാഹിത്യത്തിലായി താൽപര്യം. അദ്ദേഹം വായിക്കുന്ന പുസ്തകങ്ങളിലെ ആശയങ്ങൾ അദ്ദേഹത്തിന്റെ നോട്ടുപുസ്തകത്തിൽ കുറിച്ചുവെയ്ക്കുമായിരുന്നു. 1948 ൽ Che University Buehos Alres ൽ വയലിൻ പഠിക്കാൻ ചേർന്നു. ലോകത്തെ അറിയാനായി വളരെ അധികം ആഗ്രഹിച്ചിരുന്ന അദ്ദേഹം തന്റെ സുഹൃത്തുമായി നടത്തിയ 2 ലോകയാത്രകൾ തന്റെ ജീവിതവീക്ഷണത്തെ മാറ്റിമറിച്ചു. ലാറ്റിൻ അമേരിക്കൻ യാത്രകളിലെ അനുഭവങ്ങൾ ഉൾക്കൊണ്ട് ദാരിദ്ര്യം, പട്ടിണി തുടങ്ങിയ പീഢനങ്ങളിൽ നിന്ന് ലോകത്തെ മോചിപ്പിക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു. തിരിച്ചുവന്ന് പുനരാരംഭിച്ച പഠനം 1953ൽ പൂർത്തിയാക്കിയതോടെ "ചെഗുവേര, ഡോ. എണസ്റ്റോ ചെഗുവേര" ആയി മാറി.

ചിലിയിലൂടെയുള്ള യാത്രയിൽ ഖനി തൊഴിലാളികളുടെ കഷ്ടതകൾ കണ്ടു. ചെ ക്ഷുഭിതനായി. അത്രക്ക് ദുരിതം നിറഞ്ഞതായിരുന്നു അവരുടെ ജീവിതം. ഭൂപ്രഭുക്കളുടെ പീഡനത്തിനിരയാകുന്ന കർഷകരെ അദ്ദേഹം കണ്ടു. ഈ യാത്രകളിൽ കണ്ട സംഭവങ്ങളെക്കുറിച്ച് കുറിപ്പുകൾ എഴുതി. പിന്നീട് "*ദ മോട്ടോർസൈക്കിൾ ഡയറീസ്*" പുസ്തകമായി പ്രസിദ്ധീകരിച്ചു. Buaro syries ലുള്ള വീട്ടിൽ തിരിച്ചെത്തുന്നതിന് മുമ്പായി ചെഗുവേര പെറു, ചിലി, വെനുസെലെ, പനാമ തുടങ്ങിയ ഒട്ടേറെ രാജ്യങ്ങൾ സന്ദർശിച്ചു. ഈ യാത്രകളിൽ നിന്നുള്ള അനുഭവങ്ങളും അതിൽ നിന്നും ഉൾക്കൊണ്ട നിരീക്ഷണങ്ങളും ലാറ്റിൻ അമേരിക്ക പ്രദേശത്തെ സാമൂഹിക സാമ്പത്തിക അസമത്വങ്ങൾക്കുള്ള ഏക പ്രതിവിധി വിപ്ലവമാണെന്ന് അദ്ദേഹം മനസ്സിലാക്കി. മാർക്സിസത്തെ പറ്റി കൂടുതലായി പഠിക്കുവാനും ഗ്വാട്ടിമലയിലെ പ്രസിഡന്റ് Jacobo Arbenz Guzman നെ പറ്റി അറിയുവാനും ഈ അന്വേഷണങ്ങൾ ഇടയാക്കി. ഗ്വാട്ടിമലയിലെ കമ്യൂണിസ്റ്റ് സർക്കാരിൽ വ്യവസായ മന്ത്രി, ദേശീയ ബാങ്കിന്റെ ചെയർമാൻ തുടങ്ങിയ തസ്തികകളുടെ രുചിയറിഞ്ഞു. 1956ൽ

മെക്സിക്കോയിൽ ആയിരിക്കുമ്പോൾ ചെഗുവേര ഫീഡൽ കാസ്ട്രോയുടെ വിപ്ലവ പാർട്ടിയായ ജൂലായ് 26 ലെ മുന്നേറ്റ സേനയിൽ ചേർന്നു. തുടർന്ന് 1956 ൽ ഏകാധിപതിയായ ജനറൽ Fulgencio Batista y Zaldivar യെ ക്യൂബയിൽ നിന്നും തുരത്തി അധികാരം പിടിച്ചെടുക്കുക എന്ന ഉദ്ദ്യേശത്തോടെ *ഗ്രാന്മ* എന്ന പായി കപ്പലിൽ അദ്ദേഹം ക്യൂബയിലേക്ക് തിരിച്ചു. ക്യൂബ ഭരണകൂടത്തിൽ പ്രധാന തസ്തികകളിൽ ചുമതലയേറ്റു. 1967 ലെ അന്താരാഷ്ട്ര തൊഴിലാളി ദിനത്തിൽ ക്യൂബ സൈനിക വിഭാഗ മന്ത്രിയായ അദ്ദേഹം പ്രസംഗത്തിൽ പറഞ്ഞു. ചെ ലാറ്റിൻ അമേരിക്കയിൽ എവിടെയോ വിപ്ലവ പോരാട്ടത്തിലാണ്. ബൊളീവിയയിലേക്ക് തിരിക്കുന്നതിന് മുമ്പ് ചെ ശാരീരികമായി ആകെ മാറിയിരുന്നു.

തന്റെ താടി അദ്ദേഹം വടിച്ചു കളഞ്ഞു. തലമുടി ചാരനിറം പുരട്ടി. താൻ ചെഗുവേരയാണെന്ന് അറിയാതിരിക്കാനുള്ള എല്ലാ മുൻകരുതലുകളും അദ്ദേഹം എടുത്തു. 1966 നവംബർ 3ന് "Adolfo Mera Gonzalez" എന്ന ഉറോഗ്വയിൽ വന്നിറങ്ങി. ചെ യുടെ ആദ്യ താവളം നഗഹുവ എന്ന വിദൂര ഗ്രാമത്തിലുള്ള Mountain dr Forest ലായിരുന്നു. ഒരു ഗൊറില്ല സൈന്യം വാർത്തെടുക്കാനുള്ള ഒരു സാഹചര്യവും ആ താഴ്വരയിൽ ഉണ്ടായിരുന്നില്ല. തുടക്കംമുതൽ തന്നെ ആ ദൗത്യം ഒരു വിഷമമേറിയതായിരുന്നു. അർജന്റീനയിൽ ജനിച്ച ജർമ്മനിക്കാരിയായ Tamaru Bunine ആയിരുന്നു പ്രധാന സഹചാരി. ഏതാണ്ട് 50 പേരടങ്ങുന്ന സൈന്യമായിരുന്നു ചെഗുവേരക്ക് അവിടെ ഉണ്ടായിരുന്നത്. National Liberal Army Bolivia എന്നായിരുന്നു ഈ സൈന്യം അറിയപ്പെട്ടത്. 1967 വിവിധ കാലങ്ങളിൽ ചെ യുടെ സൈന്യം ബൊളീവിയൻ സൈന്യത്തിനെതിരെ കടുത്ത ആക്രമണങ്ങൾ നടത്തി വിജയിച്ചു. ഇത്തരം തുടരെയുള്ള വിജയം കണ്ട് ബൊളീവിയൻ സർക്കാർ സൈന്യവും ചെയുടെ സൈന്യത്തെ പരാജയപ്പെടുത്തി. ഇവർ ഗൊറില്ല യുദ്ധത്തിൽ പ്രാഗൽഭ്യം നേടിയ അമേരിക്കൻ സൈന്യം ബൊളീവിയൻ സൈന്യത്തെ യുദ്ധമുറ പഠിപ്പിച്ചു. ചെ തന്റെ ഡയറിയിൽ എഴുതി, കർഷകർ യാതൊരു സഹായവും ഞങ്ങൾക്ക് നൽകിയില്ല. അവർ ഒറ്റുകാരാവുകയും ചെയ്തു. Klavy Barble എന്ന ആളായിരുന്നു അവസാനം വരെ ചെഗുവേരയെ പിടിക്കാനായി ബൊളീവിയൻ സേനയെ സഹായിച്ചത്. ഇയാൾ 2-ാം ലോക മഹായുദ്ധത്തിൽ പങ്കെടുത്തു. ഗോറില്ല യുദ്ധത്തിൽ പരിചയ സമ്പന്നനായിരുന്നു. 1967 ഒക്ടോബർ 7 ന് ഒരു ഒറ്റുകാരനെ ചെഗുവേരയുടെ ഒളിതാവളത്തിലേക്കയച്ചു. ഒക്ടോബർ 8 ന് ഏതാണ്ട് 1800ഓളം വരുന്ന പട്ടാളക്കാർ ചെഗുവേരയുടെ സങ്കേതം വളഞ്ഞു. ചെ പട്ടാളക്കാരോട് ഇങ്ങനെ പറഞ്ഞു, ഞാൻ ചെഗുവേരയാണ് എന്നെ കൊല്ലാതെ ജീവനോടെ പിടിക്കുന്നതാണ് നിങ്ങൾക്ക് കൂടുതൽ വിലപ്പെട്ടത്. ചെയുടെ ജീവിചരിത്രത്തിൽ എഴുതിയ Jonlee Anderion രേഖപ്പെടുത്തുന്നു. അന്ന് രാത്രിതന്നെ ചെഗുവേരയെ ബന്ധിച്ച് തൊട്ടടുത്തുള്ള ഗ്രാമമായ ലാഉഗ്വേരയിലെ മണ്ണുകൊണ്ടുണ്ടാക്കിയ സ്കൂളിലേക്ക് എത്തിച്ചു. അടുത്ത ദിവസം ബൊളീവിയൻ മേധാവികളുടെ ചോദ്യങ്ങൾക്ക് മറുപടി പറയാൻ ചെ തയ്യാറായില്ല. സൈനിക പട്ടാളത്തോട് പതിയെ സംസാരിച്ചു. സൈന്യം ബന്ധിക്കുമ്പോൾ ചെയുടെ വലതുകാലിന് വെടിയേറ്റിരുന്നു. തുണികൾ കീറി പറിഞ്ഞിരുന്നു. രക്തം കട്ടപിടിച്ചിരുന്നു. ചെഗുവേര ആ സ്കൂളിലെ അധ്യാപികയെ കാണണമെന്ന് ആവശ്യപ്പെട്ടു. പിന്നീട് Juliucortes ലോകത്തോട് ചെയുടെ സംഭാഷണത്തെ പറ്റി പറഞ്ഞു. എനിക്ക് ചെയുടെ കണ്ണുകളിലേക്ക് നോക്കാൻ കഴിയുമായിരുന്നില്ല. ചെ സംസാരിച്ചത് ആ സ്കൂളിനെ പറ്റിയായിരുന്നു. സ്കൂളിലെ ചുമരിനെ കുറിച്ചായിരുന്നു. സർക്കാർ അധ്യാപകർ ആഡംബര കാറിൽ സഞ്ചരിക്കുമ്പോൾ സ്കൂൾ ഇങ്ങനെ ഇരിക്കുന്നത് ശരിയായില്ല. അതുകൊണ്ടാണ് ഞങ്ങൾ ഈ മുതലാളിത്ത ഭരണകൂടത്തിനെതിരെ യുദ്ധം ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഒക്ടോബർ 9ന് ചെഗുവേരയെ വധിക്കാൻ ഉത്തരവിട്ടു. Rwneburrientos എന്ന പട്ടാളക്കാരനാണ് മുമ്പോട്ട് വന്നത് ചെഗുവേരയെ കൊല്ലാനുള്ള അധികാരം അയാൾ ചോദിച്ചു വാങ്ങുകയായിരുന്നു. ചെഗുവേരയെ നിറയൊഴിക്കുന്നതിനുമുമ്പ് അയാൾ ചെഗുവേരയോട് ചോദിച്ചു. നിന്റെ അറിവില്ലായ്മയെ കുറിച്ച് നീ ചിന്തിക്കുന്നുവോ എന്ന്. ചെഗുവേര മറുപടി പറഞ്ഞു, ഇല്ല, ഞാൻ ചിന്തിക്കുന്നത് വിപ്ലവത്തിന്റെ അമരത്വത്തെയാണ്. ചെഗുവേര പട്ടാളക്കാരുടെ മുഖത്തേക്ക് നോക്കി പറഞ്ഞു. കൊല്ലാം, പക്ഷേ തോൽപ്പിക്കാനാവില്ല. പട്ടാളക്കാരൻ ചെഗുവേരയുടെ ശരീരഭാഗങ്ങളിലേക്ക് നിറയൊഴിച്ചു. ചെഗുവേര മരിച്ചുകഴിഞ്ഞിട്ടും അദ്ദേഹത്തിന്റെ നേരെ വച്ച തോക്കുകൾ മാറ്റിയിരുന്നില്ല. അദ്ദേഹത്തിന്റെ നിഴലിനെ പോലും ഭയന്നിരുന്നു. ലോകവിപ്ലവകാരികളിൽ മറക്കാനാവാത്ത മുഖമാണ് ചെഗുവേര. അതിരുകളില്ലാത്ത വിപ്ലവ സ്വപ്നമാണ് ചെഗുവേര. മുതലാളിത്ത പോരാട്ടത്തിൽ ലോകമനുഷ്യത്വത്തിന്റെ പ്രതീകമായിരുന്നു.



# പ്രളയം ബാക്കിവെച്ച ഓർമ്മകൾ

**Nidheesh Dhanraj T.**

**കേരളം അതിജീവിച്ച കഥ**

മഹാപ്രളയത്തിൽ നിന്നും കരകയറുകയാണ്.

ഓർത്തെടുക്കുമ്പോൾ ഭയപ്പെടുത്തുകയും ഒരു മലയാളിയായതിൽ അഭിമാനം തോന്നുകയും ചെയ്യുന്ന നിമിഷങ്ങളുണ്ട്. തെന്നലിന്റെ സുഖമുള്ള മഴയോർമ്മകൾ മനസ്സിൽ സൂക്ഷിക്കുന്ന മലയാളി കണ്ടത് മഴയുടെ രൗദ്രഭാവം, നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം...

കാലവർഷം പതിവിലുമധികം ശക്തി പ്രാപിക്കുന്നത് നാം ശ്രദ്ധിച്ചിരുന്നില്ല. എല്ലാ കൊല്ലത്തേയും പോലെ കുട്ടനാട്ടിൽ മാത്രം ഒതുങ്ങും മഴക്കെടുതിയുടെ ദുരന്തങ്ങളെന്ന് കേരളം കരുതി. വെറുതെയങ്ങു തിരിച്ചു പോകാൻ വന്നതല്ല എന്ന സൂചന നൽകി മലയോരങ്ങളിൽ വ്യാപകമായ മണ്ണിടിച്ചിലും ഉരുൾപൊട്ടലും. ഡാമുകളിൽ ജലനിരപ്പ് ഉയർന്നു തന്നെ.

**ജലനിരപ്പുയരുന്നു; ആശങ്കയും**

ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് ഉയരുന്ന വാർത്തകൾ ആശങ്കയ്ക്ക് പകരം ആകാംഷയോടെയാകും ഒരു പക്ഷേ മലയാളികൾ കേട്ടത്. ഡാമിന്റെ ഷട്ടറുകൾ തുറക്കുന്ന ചരിത്ര നിമിഷത്തിന് സാക്ഷ്യം വഹിക്കാനായി ഇടുക്കിയിലേക്ക് ജനപ്രവാഹം ട്രയൽറണ്ണിനായി തുറന്ന ഷട്ടറുകൾ പിന്നീട് അടക്കേണ്ടി വന്നില്ല. ചരിത്രത്തിലാദ്യമായി ചെറുതോണി അണക്കെട്ടിന്റെ 5 ഷട്ടറുകളും ഉയർത്തി. കാലവർഷം അതിന്റെ എല്ലാ ഭീകരതയോടെയും ആർത്തലച്ചു. റോഡുകൾ ഒലിച്ചുപോയി, വീടുകൾ നിലംപൊത്തി. കുന്നുകൾ ഇടിഞ്ഞു. രാജ്യം 72-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ ആശങ്കയുടെ നിഴൽ വീണിരുന്നു കേരളത്തിന്റെ ആകാശത്ത്.

**ക്യാമ്പിലേക്ക്**

കിട്ടിയതൊക്കെ കയ്യിലെടുത്ത് ദുരിതാശ്വാസ ക്യാമ്പിലേക്ക് ഓടിയവർ, വീടിന്റെ രണ്ടാം നിലയിൽ അഭയം പ്രാപിച്ചവർ, ചത്തുപൊങ്ങിയ വളർത്തുമൃഗങ്ങൾ, ഒറ്റപ്പെട്ട് കുടുങ്ങിക്കിടക്കുന്നവർക്കായുള്ള ഉറ്റവരുടെ സഹായാഭ്യർത്ഥനകൾ. ഒരു മനുഷ്യായുസ്സിൽ മറക്കാൻ കഴിയാത്ത വേദനയുള്ള ഓർമ്മകളാണ് പ്രളയം സമ്മാനിച്ചത്.

**മത്സ്യത്തൊഴിലാളികൾ**

കേരളത്തിന്റെ സൈന്യമായി മത്സ്യത്തൊഴിലാളികൾ എത്തി. കുടുങ്ങികിടക്കുന്നവരെ തേടി വഴിയറിയാത്ത ഇടുങ്ങലിലൂടെ കടലിന്റെ മക്കൾ പോയി. സാമൂഹ്യമാധ്യമങ്ങൾ കൺട്രോൾ റൂമുകളായി. സൈന്യവും പോലീസും ഭരണകൂടവും ജനങ്ങളും പ്രളയം തകർക്കാത്ത നാടായി കേരളത്തെ കൈപിടിച്ചുയർത്തി, ഒറ്റക്കെട്ടായി.

കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ കേരളം ഒറ്റക്കെട്ടായി മഹാപ്രളയത്തെ നേരിട്ടു. ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിക്കാൻ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഒരുമിച്ചെത്തിയതിനെ ദേശീയ മാധ്യമങ്ങൾ വരെ വാഴ്ത്തി പറഞ്ഞു. എയർലിഫ്റ്റിംഗിലൂടെ ഗർഭിണികളെയും കുട്ടികളേയും പൊക്കിയെടുത്ത് സുരക്ഷിത സ്ഥാനങ്ങളിലെത്തിച്ചു. പ്രതീക്ഷയുടെ പുൽനാമ്പുകൾ വീണ്ടും തളിർത്തു തുടങ്ങി.

# മനോഭാവം



**Anees C.**
5th Semester -A

കണ്ടില്ല മുന്നൊരുനാൾ പാശ്ചാത്യ ലോകത്ത്
കാടും തേടി, കൂര ചൂടിയവരെ
കൂടിയില്ല നാളിതുവരെയും പുറമെ
ചിരിതൂകി ഉള്ളിൽ തേങ്ങിയവരെ
തേടി ഞാൻ നാൽചക്ര വാഹകരാം
പാതകൾ നീക്കി മെല്ലെ....

കണ്ടു ഞാൻ പാശ്ചാത്യരാം യൗവ്വനം
തേടിതേടി കൂടിയൊരിടം
ദിനയാത്രയിൽ സങ്കർഷം
നൽകി ആഹ്ലാദത്തിന്റെ വിത്തുകൾ
ആഹ്ലാദത്തിന്റെ വിത്തുകൾ



# പെലകുളി



ഉണ്ണികൃഷ്ണൻ പനങ്ങാട്

"ഇന്നേക്ക് മ്മടെ പെല കഴിഞ്ഞു.
നാളെ പെല പത്തായി... രാവിലെത്തന്നെ തമ്പ്രാൻ വരും, കോഴി കൂവുമ്പോളത്തിനും ല്ലാരും പോയി കുളിച്ചു വന്നോളോണ്ടി മറക്കണ്ട......"
"ല്ലാർക്കും നാളെ പണിക്കിറങ്ങണം. അല്ലെങ്കി..."
തലച്ചെറുമൻ കൽപ്പിച്ചു.
നേരം പുലരുമ്പോഴേക്കും എല്ലാ ആണുങ്ങളും പെണ്ണുങ്ങളും പണിയായുധങ്ങളുമെടുത്ത് മൂപ്പിനനുസരിച്ച് വരിവരിയായി തമ്പ്രാൻപടിക്ക ലേക്ക് വെച്ചുപിടിച്ചു. മുറ്റത്തെത്തി കാര്യസ്ഥന്റെ കല്പനകൾക്ക് കാത്തുനിന്നു. ആരും പുറത്തുവരുന്നില്ല.
അത് എന്നും അങ്ങനെയാണ്..
കുറച്ചുകഴിഞ്ഞ് കനമുള്ള ശബ്ദം കേട്ടു...
"ന്താ, മാടേ ചടങ്ങൊക്കെ ഭംഗ്യായിലേ...? ഒന്നിനും കൊറവൊന്നും ണ്ടായില്ല്യലോ?"
"ണ്ടാവില്ല്യ.. സാധനങ്ങളൊക്കെ ഇബ്ട്ന്ന് കൊടു ത്തയച്ചിരുന്നൂലോ....?
ഒമ്പതു ദിവസം തടിമെനങ്ങാണ്ട് തടിച്ചുകൊഴു ത്തൂലോ എല്ലാം. ആ മിടുക്ക് കണ്ടത്തിൽ കാണണം ട്ടോ..." കാര്യസ്ഥന്റേതാണ് ഈ വഹ..
"ഹും പൊക്കോളിൻ കണ്ടത്തിലേക്ക് വൈകണ്ട.."
ഓരോരുത്തരും വരിവരിയായി പാടത്തേക്ക്...
ചെന്നപാടെ തകൃതിയായി പണിതുടങ്ങി...
അപ്പോഴും മാടയുടെ മനസ്സിന്റെ ഉള്ളറകളിൽ മാട മ്പിമാരുടെ ഔദാര്യത്തിന്റെ പിന്നിലെ വഞ്ചന തികട്ടിവന്നുകൊണ്ടിരുന്നു. പിത്തം തേട്ടും പോലെ..
ഇടയ്ക്ക് തന്റെ കൂടപ്പിറപ്പുകളെ തിരിഞ്ഞുനോക്കി. പാവങ്ങൾ എട്ടുംപൊട്ടും തിരിയാതെ തമ്പ്രാനെ വാഴ്ത്തിക്കൊണ്ട് എല്ലുമുറിയെ പണിയുകയാണ്. തങ്ങൾക്ക് ഒമ്പതു ദിവസം പണിയെടുക്കാതെ തിന്നാൻ തന്ന തമ്പ്രാനെ പറഞ്ഞിട്ടും പറഞ്ഞിട്ടും തീരാതെ പണിയെല്ലാം കഴിഞ്ഞ് സന്ധ്യയ്ക്ക് തോട്ടിലിറങ്ങി മുങ്ങി.
മാട നേരേ ഷാപ്പിലേക്ക് വെച്ചുപിടിച്ചു, മൂത്ത കള്ളിന്റെ മട്ടുമോന്താൻ... രണ്ടു പാനി അകത്താക്കി. അകത്തെ 'കത്തൽ' അണയുന്നില്ല.
പടിഞ്ഞാട്ടു നടന്നു. ജാനകിപട്ടത്ത്യാരും ചോവൻ ചോപ്പനും കാച്ചുന്നവരായിരുന്നു.
അവിടെയെത്തി തിണ്ടത്തിരുന്ന് മുരടനക്കി..
കുന്നിന് കൈയ്യും കാലും വെച്ച പോലുള്ള മാറിടം കുലുക്കി പട്ടത്ത്യാർ ഉമ്മറത്ത് വന്നു...
"ന്താ മാടേ ചടങ്ങൊക്കെ കയിഞ്ഞില്ലേ...? ന്ന് പണിക്ക് പോയില്ലേ..? ങ്ങാ പത്തായില്ലേ... തമ്പ്രാൻ വിടൂലല്ലോ...."
ഈ ശബ്ദം പോലും മാടയിൽ അരിശം കൂട്ടി..
"രണ്ട് ക്ലാസ്സ് തരീന്നും പട്ടത്ത്യാരേ ചെല ക്കാണ്ട്...."
മുന്നിലെത്തിയ രണ്ട് ക്ലാസ്സ് നാടൻ ചാരായം വെള്ളം ചേർക്കാണ്ട് മോന്തി.... ആരോടോ പക തീർക്കുംപോലെ!
പട്ടത്ത്യാർ അന്തംവിട്ട് നോക്കിനിന്നു... മാടയ്ക്കെ ന്തുപറ്റി...!!
പേടിച്ച് അവരൊന്നും ചോദിച്ചില്ല.
പൈസ കൊടുത്ത് മാട പുറത്തിറങ്ങി.. അരണ്ട വെളിച്ചത്തിൽ എന്തൊക്കെയോ പിറുപിറുത്തുകൊണ്ട് പാടവരമ്പിലൂടെ വേഗത്തിൽ കാലടിവെച്ചു നടന്നു.



മാഷെ കാണണം.. പറയണം.. ഇതിന്റെ സത്യമെ ന്താന്നറിയണം..
മാടയുടെ നടത്തത്തിനു വേഗം കൂടി.
മൂത്താടത്തെ മാഷുട്ടി കമ്മ്യൂണിഷ്ടാന്ന് കേട്ടി ട്ട്ണ്ട്. വല്യ പടിപ്പ്ള്ള ആളാ, അതാണ് മൂപ്പരോട് ചോദിച്ചാ അറിയാം കാര്യങ്ങള്, വലിഞ്ഞ് നടന്നു.
മൂപ്പര് കെടക്ക്ണേന്റെ മുമ്പേ അവ്ടെ എത്തണം..
"മൂത്താരേ... ഒന്ന് കാണണംന്ന്ണ്ടായിരുന്നു. ഒറങ്ങ്യോ? അടിയനാ മാടേണ്...."
മനയ്ക്കപ്പടിക്കലെ മാഷ് ഇറങ്ങിവന്നു...
"ന്താ മാടേ ഈ രാത്രീല്.... നിങ്ങളെയൊന്നും കാണാറില്ല്യാലോ ഇവിടേക്ക്....
ന്നോടൊക്കെ മിണ്ട്യാ തമ്പ്രാന്റെ കാര്യസ്ഥന്റെ ചാട്ടവാറിന്റെ ചൂടറിയും ല്ലേ.. സാരല്യാ...ന്തേ പോന്നേ....?"
മാടയുടെ ശരീരം വിറയ്ക്കാൻ തുടങ്ങി..
ന്തായാലും പറയട്ടെ ധൈര്യം സംഭരിച്ച് മാട ചോദിച്ചു.
"ന്താ ഈ പെല...? ഞങ്ങളാ ചെലോർക്ക് പത്ത് പെല തമ്പ്രാക്കന്മാർക്കും മൂത്താര്മാർക്കും പതിനഞ്ച് പെല.
ന്താ അയിന്റെ മറി... ഒന്ന് പറഞ്ഞ് തരീ...."
മാഷ് ഒന്നു മൂളി. എന്നിട്ട് പറയാൻ തുടങ്ങി
"മാടേ അന്റച്ഛൻ മരിക്കണേന് മുമ്പ് നിയ്യ് കുളി ച്ചീർന്നിലേ...."
മാട മൂളി
"അപ്പോ അന്റെ മേത്ത്ന്ന് എന്താ ഏറങ്ങിപ്പോ യീർന്ന് ഒന്നൂല്യാ... ചെളിമാത്രം. പാടത്തെ ചെളി മാത്രം.
അച്ഛൻ മരിച്ച് ഒമ്പതു ദിവസത്തോളം കുളിച്ചപ്പോ ഴോ... ന്താ എറങ്ങിപ്പോയത്...... ചെളിമാത്രം പത്താം ദിവസം ഇന്നു കുളിച്ചപ്പോഴോ... ചെളി മാത്രം...
അപ്പോ നിയ്യ് ആലോചിച്ച് നോക്ക് എന്താ ഈ പെല, അയിത്തം ന്നൊക്കെ... ഒന്നൂല്യാ...
ഇതൊക്കെ ഓരോ അന്ധവിശ്വാസങ്ങളാ...
പണ്ടൊക്കെ ഈ പേരും പറഞ്ഞ് കുടുംബങ്ങ ളൊക്കെ ഒത്തുകൂടി പത്ത് പതിനഞ്ച് ദിവസം കളീം ചിരീം ആയിട്ട് കഴിയും.
അല്ലാതെ മരിച്ച ആളെ ആരെങ്കിലും ആ സമ യത്ത് ഓർക്ക്വോ..?
തമ്പ്രാക്കന്മാരക്ക് അരീം സാധനങ്ങളും ധാരാളം ണ്ട്. നിങ്ങളദ്ധ്വാനിച്ചത്...
പിന്നെന്താ പതിനഞ്ചോ ഇരുപതോ എത്രേം പെല



കൊണ്ടാടാം...
പക്ഷേ.... നിങ്ങളോ....?
നിങ്ങൾക്ക് ഒമ്പതു ദിവസം തിന്നാൻ തരാൻ തന്നെ തമ്പ്രാനും കാര്യസ്ഥനും മുക്കിത്തൂറീട്ട്ണ്ടാ വും.
അപ്പോ പതിനഞ്ച് ദിവസത്തിനോ! അത് നഷ്ടക്ക ച്ചോടല്ലേ... മാടേ...?
നിനക്ക് മനസ്സിലാവ്ണ്ണ്ടോ?"
ഹും മാട മൂളി
"ഇതില് വല്യ ചതി വേറൊന്ന്ണ്ട്..."
"അതെന്താ മാഷേ..." മാടയുടെ ഉൽക്കണ്ഠ...
"ശ്രദ്ധിച്ചു കേട്ടോ...
പത്താം ദിവസം തന്നെ നിങ്ങൾ പണിക്കിറങ്ങേ ണ്ടിവന്നു....
ന്നാൽ അമ്പലത്തിൽ തൊഴാൻ പറ്റ്യോ... ഇല്ല്യ...
അതിനു പതിനഞ്ച് കഴിയണം... ല്ലേ...?
അപ്പോ.. നിങ്ങൾക്കും പതിനഞ്ച് പെല ആയിക്കൂ ടേ...."
"ഹും കാര്യായി, ഒമ്പതു ദിവസത്തന്നെ പണി തമ്പ്രാന് നഷ്ടാ... അപ്പോ പതിനഞ്ചിന്റെ കാര്യോ...
ചിന്തിക്കാണ്ടോ ... മാടേ...?
നിങ്ങളെ പണിക്ക് കിട്ട്വോ....?
പണി മുടങ്ങാതിരിക്കാനും കൂട്യാ നിങ്ങൾക്ക് പത്തിൽ ഒമ്പത്പെല ന്നാ പോരേ...
ഇതൊക്കെ പറയ്ണോണ്ടാ മാഷ് കമ്മ്യൂണിസ്റ്റായ ത്...
കാര്യം പറഞ്ഞോനെ കള്ളനാക്കും ഇപ്പഹയര്...
പക്ഷേ....
സത്യം പറയണേന്റെ സുഖം വേറെയാട്ടോ മാടേ അതോണ്ട് സത്യം പറഞ്ഞാൽ കമ്മ്യൂണിസ്റ്റാണെ ങ്കിൽ ഞാൻ കമ്മ്യൂണിസ്റ്റന്നെ മാടേ...
എന്താ അനക്കും കമ്മ്യൂണിസ്റ്റാവണോ...?
ന്നാ സത്യം പറയാൻ തുടങ്ങിക്കോ..."
മാട ഉള്ളിലെ എരിയുന്ന കനലിന്റെ ആന്തലിൽ പകച്ചു നിന്നതേ ഉള്ളൂ..
ഇനി ഇങ്ങളെ മൂത്താരേന്ന് വിളിക്കില്ല... മാഷേന്നേ വിളിക്കൂ... അങ്ങനെ മാട സത്യം പറയാൻ തുട ങ്ങി... ■

# Tears



**Safareena T.K.**
3rd Year B.Com

*With my tears wet my face*
*Its drops stroke my check*
*And my falling eyes looking for light*
*But there is something blocking me.*

*I bowed my weeping face upon my plan*
*And I felt londings in this moment*
*Through my eyes I can't see world because,*
*that dark snow still surrounding me.*

*Only the world I see is the kitchen*
*Which is filled with smoke and darkness*
*Here aught I missed and I consoled my self*
*Even now I am looking for pleasure with tears.*




# വിട




**Haseeb Rahman**
B.Com

വിട കലാലയമേ നിന്നോട്
നിന്നിലെ വാടാമലരിൽ സൗരഭ്യവും വർണ്ണങ്ങളും
ഇനി ഒരു  പിടി ഓർമ്മ മാത്രം
നീ തെളിച്ച വിജ്ഞാനദീപവും
നീ നൽകിയ ആത്മബന്ധങ്ങളും മാത്രം ബാക്കി
ഇനി ഒരിക്കലും തിരിച്ചു കിട്ടാത്ത
നിന്റെ ഇരുണ്ട വരാന്തതൻ തണുപ്പും
നീ പകർന്ന സൗഹൃദത്തിൽ ഊഷ്മളതയും
വിട്ടു പോകാൻ മനസ്സിനിയും അനുവദിക്കുന്നില്ല
നിന്റെ വഴിത്താരയിലെ മാഞ്ചോട്ടിൽ
ശീതളഛായയിലിരുന്നുള്ള  സല്ലാപനിമിഷങ്ങളും
കൂട്ടുകൂടുമ്പോഴും പൊട്ടിച്ചിരിക്കുമ്പോഴും ഓർത്തില്ല ഞാൻ
ഈ നാളുകൾ
സൗഹൃദം തീവ്രമായപ്പോഴും ഓർത്തില്ല ഞാനീ നിമിഷത്തെ
എന്തിനും  അവസാനമുണ്ടെന്നറിഞ്ഞിട്ടും
മനപ്പൂർവ്വം ഓർത്തില്ല ഞാനാ ദിനങ്ങളെ
ഒടുവിൽ വന്നെത്തി വേദനയുടെ ആ നാളുകൾ
വിടവാങ്ങാൻ സമയമായ്.....
ഇനി തിരിച്ച് കിട്ടാത്ത നഷ്ട സൗഭാഗ്യങ്ങൾ
വിരഹം  അനിവാര്യമെന്നറിവോടെയും
നനവാർന്ന  മിഴികളോടെയും
പിൻ തിരിഞ്ഞു നോക്കാതെ
ഇളം തലമുറക്കായ് പടിയിറങ്ങുന്നു ഞാൻ....



# Day To Day Dream

Make
Interesting, amazing, glorious, fantastic
Mistakes break rules enjoy
Leave the world more interesting
for your being here
The lie that tells the truth
We all have an obligation
To day dream and imaginaion
It is easy to pretend that nobody can change
Any thing, that the individual is
Less than nothing
But the Truth is
Individuals make the Future,
And they do it by imagining
That's
Things can be different.



**Asna**
1st Year BCom B



# Department of Commerce





2018 -19 Academic year was an effective and enthusiastic year. Several academic and social activities were conducted. Students in the department participated in various Arts, sports and cultural activities. Some of the students participated in the management meets and quiz competition conducted by the colleges functioning under the University of Calicut.

Motivation and career guidance classes were conducted in collaboration with Accounts Academy Edappal One of  the high lights of the last academic year was the well known company Tata Consultancy Service limited ( TCS ) visited in our campus to start their campus recruitment. Another mile stone in the history of commerce department of MTM college was an 'ED Club' registration from District industrial Centre. Students and Asst. Professor Mohamed Hafis took great effort for the same. Our department faculty Mr. Ashik N.P. took part as the Representative of Kerala in the All India Disabled Cricket league held at Aurangabad.


For the final year B. com students, a seven days study tour was conducted. Second year B.com students organised an Industrial Visit and they participated in the Entrepreneurial Motivation Seminar in Thrissur.



**UNNIKRISHNAN**
HoD
Dept. of Commerce



**MISHAL**
Association Secretary




# Department of English

## (Language & Literature)

MTM College introduced BA English Language and Literature with journalism and British History as complementary along with Bsc Computer Science & Bachelor of Business Administration in the academic year 2018-19.

The first batch of BA English Literature started functioning with 22 students-18 girls and boys. The current staff strength is three.

As part of Union activities, the department conducted a seminar on "Introducing poetry" in the afternoon session of inaugural function of English Association 'Elysian - 18'.

The Department conducted an industrial visit to all India Radio station, Calicut and Media one channel to enhance the knowledge they have got in class room teaching. They interacted with various personnel in various departments. 19 out 22 students took part in the industrial visit along with Mr. Suresh and Mr. Jineesh as escorts.

College Film Club joined in hands with English Department to conduct a film festival in which 'Ottal' directed by jayaraj and ' Vidheyan' by Adoor Gopalakrishnan were screened. The coordinator Mr. Suresh and representatives of various departments participated. The programme was inaugurated by Prof. N. Havahumma, the Secretary of MTM College.

Priya. P of our department won first prize in Tamil essay writing and story writing in the C- Zone Arts Festival of Calicut University.



**RAJENDRAKUMAR**
HoD
Dept. of English



**RAZIK**
Association Secretary

# DEPARTMENT OF COMPUTER SCIENCE



In Connection with the inauguration of the B.Sc department, an on line treasure hunt was conducted in the morning session. The inauguration was conducted in the post lunch session. Mr. Mohammad Bilal welcomed the gathering. The meeting was presided by Mr. Dipesh and Backershan did the inaugural address. A seminar was conducted by HR expert of Keltron Edappal and ISKRA college union chairman Irshad. Fine Arts secretary Muhammed Uwayz O.O., Joint secretary Sneha delivered felicitation speeches. On the occasion Ms. Farsana offered vote of thanks.

B.Sc computer Science association's first programme was the 'Halloween day' celebration. The next programme was the Scholarship programme followed by the PSC week. For election purpose all college students applied for ID card.

**Halloween Day**

'Halloween day' was organised on 28-10-2018. The programme was inaugurated by HoD of department Mr. Ajeesh and faculty Mr. Deepesh presided the meeting. The programme was attended by majority of staff members.

**The programme included**

- Halloween challenge
- Puzzle
- Horror short film
- Apple Dive
- Face Painting
- Horror tik tok competition

**Scholarship**

Scholarship for the deserving college students were arranged by B.Sc department. Around 43 students got National post metric scholarship and fourteen students got fisheries e-grant scholarship. This was done under the able guidance of Backershan and Juzuli bin Ibrahim.

**Industrial visit**

An industrial visit in association with B.Sc Computer Science and BA English, the industrial part on the Hilite Business park and Babtra trainig solar company. A class was conducted by the HR expert Mr. Deepak. The team also visited the TT firm 'Saplin web namasthe'.

**PSC Week**

A PSC mock test was conducted as a part of PSC coaching and decided to give PSC coaching for 36 students. The programme was held under the supervision of B.Sc students and the staff members.



**AJEESH**
HoD
Dept. of Computer Science



**BACKER SHAN**
Association Secretary

# ENTREPRENEURSHIP DEVELOPMENT CLUB

A well Equipped Entrepreneurship Development Club is functioning in the college. It was established in the year 2016. The main aim is to create awareness about importance of entrepreneurship and to inculcate entrepreneurial skills among students. The Club conducted several programmes during the last academic year 2018-2019.

The club was inaugurated by Ms. Smitha Saji Kumar (Industrial Extension Officer, DIC Ponnani) The awareness class was organized after the inaugural session was highly motivational to the students.

‘Talent Hunt 2k18’ was the programme conducted to find and award the best management team in the college. The team led by Jithin K.S (Final B.com) was awarded as the best Management Team. ‘Select Treasure 2k18 was the treasure hunt programme conducted by the club. The team led by Uways (Second B.com) was declared as winner.

Adventum’ 2k18 is an adventurous and entertainment programme conducted under the Club. It was intended to develop the ability to handle challenging situations among students.

Besides these our members attended the management meet conducted by Mar Thoma School of Business Studies, Kakkanad. Our students Sudev,Uamar Safwan, Midhlaj, Irshad M.A and Ashkar participated in the programme.



**MUHAMMED FAZIL**
Staff Coordinator



**INDRAJITH JAYAN**
Staff Coordinator



**MISHAL**
Student Coordinator

# Literary Club

The activities of the literary clubs for the academic year ( 2018-2019) was inaugurated and started on Nov 1, 2018. In the inaugural session the principal, secretary of our college and various departmental representatives are participated.

After the inaugural session, the club conducted various programmes like debate Malayali Manka, story writing, power point presentation in connection with Kerala Piravi.


The programmes of the club were huge success, all participants showed tremendous enthusiasm, and support, by actively participating in all programmes of the club.



**UNNIKRISHNAN PANANGAD**
(Malayalam)
Staff Coordinator



**SHEMEERA O. M.**
(Arabic)
Staff Coordinator



**NESLI JASMIN**
Student Co-ordinator

# Nature CLUB

MTM college Nature Club was established on 1st june 2017 with the objective of developing an eco-system in the campus and to inculcate love in the mind of college youth. The club is active in the Organic Farming programe of the college. The club is led by teaching co-ordinators and a group of students for organising various programmes in the campus.

Convenor : Indrajith Jayan (Dept. of Commerce) and Jinsiya Aboobacker (Dept. of Commerce ) and Student Co- ordinator : Nesli Jasmin ( 2nd year B.Com A ).

Students were encouraged to spend some times in cleaning of college campus and surroundings to experience them the benefits of maintain hygienic conditions.

Club organised an environmental awareness programme to spread awareness among students regarding different environmental problems.

Plantation of shady plants is regular activities of Nature club. These plants are maintained in the college garden under the supervision of our principal with a motto of : *"plant the trees, get the breeze"*



**INDRAJITH JAYAN**
Convenor



**JINSIYAABOOBACKER**
Convenor



**NESLI JASMIN**
Student co- ordinator

# Film Club

A one day film fest was conducted at MTM College on March 16, 2019 by English Department. The Programme was inaugurated by Prof. Havahumma, Secretary, MTM Charitable Trust. The function was presented by film club. Mr. Rajendra Kumar (HoD of English) Mr. Unnikrishnan (HoD of Commerce), Mr. Ajeesh (HoD of Computer Science), Mr. Unnikrishnan (Asst professor of Malayalam) delivered felicitation speeches. The welcome speech and the vote of thanks were done by Miss Muhsina (BA English student) and Mr. sudev (University Union Councillor) respectively.

Jayaraj's award winning movie "ottal" and Adoor Gopalakrishnan's 'Vidheyam' were exhibited in the festival.

The Programme was noted with the whole hearted co-operation and presence of staff and students.



**SURESH B**
Staff Coordinator



**RAZIK**
Secretary

# Sathwika

## Women's Development Cell

2019 മാർച്ച് 8 ന് ഇന്റർനാഷണൽ വുമൺസ് ഡേയോടനുബന്ധിച്ച് സാത്വിക വുമൺസ് ഡെവലപ്പ്മെന്റ് സെൽ ന്റെ കീഴിൽ രാവിലെ *'ജനാധിപത്യവും സ്ത്രീ പങ്കാളിത്തവും'* എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. കാലികപ്രസക്തി ഏറെ ഉള്ള വിഷയം ആയതിനാൽ വളരെ ആവേശകരമായ ഒരു മത്സരമായി. കലാരംഗത്തും, കായികരംഗത്തും രാഷ്ട്രീയ, സാമൂഹിക രംഗത്തുമുള്ള സ്ത്രീകളുടെ മുന്നേറ്റവും, ഈ രംഗങ്ങളിൽ നില നിൽക്കുന്ന അസമത്വവും ചർച്ചാവിഷയമായി. II[nd] Year B.Com B. ക്ലാസ്സിലെ Irshad and Unais ഒന്നാംസ്ഥാനവും II[nd] Year B.Com A. ക്ലാസ്സിലെ Afsal and Uwais രണ്ടാം സ്ഥാനവും പങ്കിട്ടു.

ഉച്ചയ്ക്ക് 2.30 ന് ഇന്റർനാഷണൽ വുമൺസ് ഡേ ശ്രീമതി. മായ (വുമൺസ് ഡെവലപ്പ്മെന്റ് സെൽ കോ ഓർഡിനേറ്റർ) സ്വാഗതം പറയുകയും ചടങ്ങിന്റെ ഔപചാരിക ഉദ്ഘാടനം തൃശ്ശൂർ ശ്രീ കേരളവർമ്മ കോളേജിലെ മലയാള വിഭാഗം അധ്യാപികയും, യുവ എഴുത്തുകാരിയുമായ ശ്രീമതി ദീപാനിഷാന്ത് നിർവ്വഹിച്ചു. പ്രിൻസിപ്പൽ അബ്ദുൾ ഹമീദ് അധ്യക്ഷത വഹിച്ച ചടങ്ങിൽ "കാവലായ്" ഷോർട്ട് ഫിലിം നടി ശ്രീമതി. രാധാലക്ഷ്മി മേനോനെ പൊന്നാടയും ഉപഹാരവും നൽകി ആദരിച്ചു. Calicut University C-2 one കലോൽസവത്തിൽ തമിഴ് പ്രബന്ധമത്സരത്തിലും, ചെറുകഥാ മത്സരത്തിലും ഒന്നാംസ്ഥാനം കരസ്ഥമാക്കിയ I[st] Year B.A. English വിദ്യാർത്ഥിനി പ്രിയ പ്രഭാകരനെ അനുമോദിച്ചു. . നമ്മൾ ഉണ്ണുന്ന ഓരോ വറ്റും എത്രയോ പേരുടെ അധ്വാനത്തിന്റെ ഫല മാണ് എന്ന മാനവിക സന്ദേശം ഉൾക്കൊണ്ട് കോളേജിലെ നോൺ - ടീച്ചേഴ്സ് സ്റ്റാഫായ വള്ളിയ മ്മു, മൈമുന എന്നിവരേയും ഉപഹാരം നൽകി ആദരിച്ചു. സ്കെച്ച് ആർട്ടിൽ മികവ് പുലർത്തിയ II[nd] Final year B.Com വിദ്യാർത്ഥി സുഹൈൽ റഷീദിനേയും ചടങ്ങിൽ അനുമോദിച്ചു. കോളേജ് സെക്ര ട്ടറിയായ പ്രൊഫ. ഹവ്വ ഹുമ്മാ, കോമേഴ്സ് അധ്യാപകരായ ഫൈസൽ റഹ്മാൻ, ശ്രീമതി. ഷീജ, ജിൻസിയ അബൂബക്കർ എന്നിവർ ആശംസകളർപ്പിച്ചു. ചടങ്ങ് ഉദ്ഘാടനം ചെയ്ത ശ്രീമതി. ദീപ നിഷാന്തിന് പ്രിൻസിപ്പാളും, സെക്രട്ടറിയും ചേർന്ന് സ്നേഹോപഹാരം അർപ്പിച്ചു. സ്റ്റുഡന്റ് കോർഡി നേറ്റർ കുമാരി ആതിര നന്ദി പറഞ്ഞു.

**സന്ദേശം**

നാനാത്വത്തിൽ ഏകത്വം പുലർത്തുന്നതോടൊപ്പം തന്നെ എല്ലാ വിശ്വാസങ്ങളേയും മതങ്ങളേയും ആചാരങ്ങളേയും അംഗീകരിക്കുകയും ,തന്റേതല്ലാത്ത ഭാഷ സംസാരിക്കുന്ന, തന്റേ തല്ലാത്ത ആഹാരം ശീലിക്കുന്ന, തന്റേതല്ലാത്ത വസ്ത്രം ധരിക്കുന്ന എല്ലാവരേയും കൂടി ഇൾക്കൊ ള്ളുന്നതാണ് യഥാർത്ഥ സഹിഷ്ണുതയെന്നും, അത്തരത്തിൽ അപരനെ മനസ്സിലാക്കുന്നതാണ് യഥാർത്ഥ വിശ്വാസമെന്നും ശ്രീമതി. ദീപ നിഷാന്ത് അഭിപ്രായപ്പെട്ടു.



**MAYA**
Staff Coordinator



**JINSIYAABOOBACKER**
Staff Coordinator



**NESLI JASMIN**
Student Coordinator

# Amogha 2k19

## *College Arts Day Celebration*

MTM College വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതയും, കലാചാതുര്യവും മാറ്റുരയ്ക്കുന്ന Amogha 2K19 Arts fest 2019 ജനുവരി 14ന് കോളേജ് ക്യാംപസ്സിൽ സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ പങ്കാളിത്ത മികവുകൊണ്ട് ശ്രദ്ധേയമായ Arts Fest രണ്ട് സ്റ്റേജുകളിലായാണ് സംഘടിപ്പിച്ചത്. Arts Fest ന്റെ സ്റ്റേജിതര മത്സരങ്ങൾ ഡിസംബർ 3 മുതൽ ഡിസംബർ14 വരെയുള്ള ദിവസങ്ങളിലായി നടന്നു. വിവിധ ഭാഷകളിലെ കഥാരചന, കവിതാരചന, പ്രബന്ധരചന, പെൻസിൽ ഡ്രോയിങ്ങ്, വാട്ടർ കളറിംഗ്, ഓയിൽ പെയിന്റിംഗ്, എംബ്രോയ്ഡറി, പ്രസംഗമത്സരങ്ങൾ തുടങ്ങിയവ സ്റ്റേജിതര മത്സരത്തിന്റെ ഭാഗമായി നടത്തി. യൂണിവേഴ്സിറ്റി കലോത്സവ നിയമാവലി പ്രകാരമുള്ള മത്സരങ്ങളിൽ വിദ്യാർത്ഥികളുടെ നിറഞ്ഞ പങ്കാളിത്തം ശ്രദ്ധേയമായി.

ജനുവരി 14ന് നടന്ന സ്റ്റേജിതര മത്സരങ്ങളുടെ ഉദ്ഘാടനം എം.ടി.എം. കോളേജ് സെക്രട്ടറി പ്രൊഫ. ഹവാ ഉമ്മ നിർവ്വഹിച്ചു. പ്രസ്തുത ചടങ്ങിൽ പ്രിൻസിപ്പാൾ പ്രൊഫ. അബ്ദുൾ ഹമീദ് അദ്ധ്യക്ഷത വഹിച്ചു. അധ്യാപകരായ ജിനീഷ്, ആഷിക്, ഫൈസൽ എന്നിവർ ആശംസകൾ അർപ്പിച്ചു.

ഉദ്ഘാടനശേഷം ഭരതനാട്യം, തിരുവാതിരക്കളി, സംഘഗാനം, മാപ്പിളപ്പാട്ട്, സംഘനൃത്തം, കുച്ചിപ്പുടി എന്നീ മത്സരങ്ങൾ അരങ്ങേറി. ഒപ്പം അരങ്ങിന് മാറ്റ് കൂട്ടി ഒപ്പനയും, വട്ടപ്പാട്ടും ദഫ്മുട്ടും നയനാനന്ദകരമായ കാഴ്ചകൾ ആയിമാറി. സകലകലാശാല എന്ന സിനിമയുടെ പ്രൊമോഷന്റെ ഭാഗമായി സിനിമാതാരങ്ങളും എത്തിയപ്പോൾ ക്യാമ്പസ് ഇളകി മറിഞ്ഞു. എം.ടി.എം. കോളേജിനെ പ്രതിനിധീകരിച്ചുകൊണ്ട് കാലിക്കറ്റ് യൂണിവേഴ്സിറ്റി C Zone മത്സരങ്ങളിൽ ചിത്രരചന, കഥാരചന, പ്രബന്ധരചന, ഫോട്ടോഗ്രാഫി എന്നിവയിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. ഇതിൽ തമിഴ് കഥാരചന പ്രബന്ധരചന എന്നിവയിൽ ഒന്നാം സ്ഥാനം നേടിക്കൊണ്ട് 1st year BA വിദ്യാർത്ഥിനി പ്രിയ പ്രഭാകരൻ എം.ടി.എം. കോളേജിന്റെ അഭിമാനമായി മാറി.



**SHEEJA**
Staff Coordinator




**DIPESH**
Staff Coordinator



**MUHAMMED UWAYZ**
Fine Arts Secretary




**Ramsheena**
3rd Year BCom B



# ISKRA College Union

## പ്രവർത്തന റിപ്പോർട്ട് 2018 – 2019

ആദരണീയനായ പ്രിൻസിപ്പാൾ ശ്രീ. അബ്ദുൽ ഹമീദ് സർ, HoD ഉണ്ണികൃഷ്ണൻ സർ, യൂണിയൻ അഡ്വൈസർ ആഷിക് സർ അഭിവദ്യരായ ഗുരുജനങ്ങളെ, യൂണിയൻ ഭാരവാഹികളെ, വിദ്യാർത്ഥി സുഹൃത്തുക്കളെ,

2018 – 2019 അദ്ധ്യയന വർഷ കാലയളവിൽ തെരഞ്ഞെടുക്കപ്പെട്ട കോളേജ് യൂണിയൻ ഭാരവാഹികൾ താഴെ പറയുന്നവരാണ്.

| | |
|---|---|
| ചെയർമാൻ | : ഇർഷാദ് കെ. |
| വൈസ് ചെയർമാൻ | : നെസ്‌ലി ജാസ്മി. പി.എം. |
| ജനറൽ സെക്രട്ടറി | : ഷിറോഷ് കെ. ബി. |
| ജോയിന്റ് സെക്രട്ടറി | : സ്നേഹ സി.എം. |
| യു.യു.സി | : സുദേവ് എ.പി. |
| ഫൈൻ ആർട്സ് സെക്രട്ടറി | : മുഹമ്മദ് ഉവൈസ് ഒ.ഒ. |
| സ്റ്റുഡന്റ് എഡിറ്റർ | : നിധീഷ് ധൻരാജ് ടി. |
| ജനറൽ ക്യാപ്റ്റൻ | : ഉമർ സഫ്‌വാൻ |
| അസോസിയേഷൻ സെക്രട്ടറി | |
| കൊമേഴ്സ് | : വിഷാൽ |
| ഇംഗ്ലീഷ് | : അബ്ദുൽ റാസിഖ് ബിൻ |
| ബി.ബി.എ. | ഹംസ കെ. |
| കമ്പ്യൂട്ടർ സയൻസ് | : ബക്കർഷാൻ |

**ക്ലാസ്സ് പ്രതിനിധികൾ**

| | |
|---|---|
| ഒന്നാം വർഷം | : മുഹമ്മദ് റാഷിദ് എം.എം. |
| രണ്ടാം വർഷം | : റഹീഷ് |
| മൂന്നാം വർഷം | : സംസം കെ.എസ്. |

കോളേജ് യൂണിയൻ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി ഞങ്ങളോടു സഹകരിച്ച പ്രിൻസിപ്പാൾ, മാനേജ്മെന്റ് പ്രതിനിധികൾ, അധ്യാപകർ, വിദ്യാർത്ഥികൾ സുഹൃത്തുക്കൾ ഏവർക്കും ഒരായിരം നന്ദി രേഖപ്പെടുത്താൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു.

സെപ്റ്റംബർ 17 ന് നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ ജാതി,മത, കക്ഷി, രാഷ്ട്രീയ ഭേദമന്യേ കോളേജിന്റെ സർവ്വോന്മുഖ വികസനത്തിനുവേണ്ടി പ്രവർത്തിക്കാൻ യൂണിയൻ ഭാരവാഹികൾ തീരുമാനിച്ചു. " സമരോത്സുകമായ മതനിരപേക്ഷത, സമരസപ്പെടാത്ത വിദ്യാർത്ഥിത്വം".. എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി മതേതര സർഗ്ഗാത്മക ക്യാമ്പസ് പടഞ്ഞുയർത്തുക എന്നതായിരുന്നു യൂണിയന്റെ ലക്ഷ്യം.

### പ്രവർത്തനം

കോളേജ് യൂണിയൻ ജനറൽ ബോഡി പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ ചേരുകയും സ്റ്റാഫ് അഡ്വൈസറായി ആഷിക് സാർനേയും സ്റ്റാഫ് എഡിറ്ററായി ഉണ്ണികൃഷ്ണൻ സാറിനേയും തിരഞ്ഞെടുത്തു.

### അനൗദ്യോഗികമായി ഉദ്ഘാടനം

ISKRA College Union ന്റെ സത്യപ്രതിജ്ഞ ചടങ്ങിന് ശേഷം College Union ഭാരവാഹികളും കൂടിയ ഒരു മീറ്റിംഗിൽ College principal ശ്രീ. ഹമീദ് സർ അനൗദ്യോഗികമായി ഉദ്ഘാടനം നിർവ്വഹിച്ചു.

### ISKRA College Union 2018 ഉദ്ഘാടനം

2018 October 27ന് ISKRA College Union ഉദ്ഘാടനം ബഹുമാനപ്പെട്ട കേരള നിയമസഭ സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവർകൾ നിർവഹിച്ചു. എം.ടി.എം ട്രസ്റ്റ് മെമ്പർ ശ്രീമതി. എൻ. സൗദാബിയുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. പ്രശസ്ത കോമഡി താരം അർഷാദ് കൊച്ചന്നൂരും റഫീഖ് പാലപ്പെട്ടിയും ഒരുമിച്ച് വിദ്യാർത്ഥികൾക്ക് ഹാസ്യം പകർന്നു നൽകി. പിന്നീട് വിദ്യാർത്ഥികളുടെ കലാപരിപാടികൾ അരങ്ങേറി, തുടർന്ന് MTM കോളേജിന്റെ ചരിത്രത്തിൽ ആദ്യമായി stage level DJ winner ആയ DJ charics ന്റെ നേതൃത്വത്തിൽ DJ eve ലൂടെ വിദ്യാർത്ഥികളെ ആവേശത്തിലാക്കുകയും ആഹ്ലാദിപ്പിക്കുകയും ചെയ്തു.

### ടീച്ചേഴ്സ് ഡേ

ISKRA College യൂണിയന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 5 അദ്ധ്യാപകദിനം കോളേജ് പ്രിൻസിപ്പാൾ കേക്ക് മുറിച്ചും വിദ്യാർത്ഥികൾ അദ്ധ്യാപകർക്ക് ആശംസകളർപ്പിച്ചും ആഘോഷിച്ചു.

### ഗാന്ധിജയന്തി ദിനാചരണം

ISKRA College Union ന്റെ ആഭിമുഖ്യത്തിൽ 2018 ഒക്ടോബർ 2 ന് ഗാന്ധിജയന്തി ദിനാഘോഷം നടത്തി. ആഘോഷത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ക്വിസ് മത്സരവും, പ്രസംഗ മത്സരവും, ഗാന്ധിജിയുടെ ജീവചരിത്രം എന്ന ഷോർട്ട് ഫിലിം പ്രദർശനവും സംഘടിപ്പിച്ചു.

### ഫുട്ബോൾ മാച്ചും ഷൂട്ട് ഔട്ടും

ISK വരവേൽപ്പിന്റെ ഭാഗമായി ISKRA College Union ഒക്ടോബർ 1ന് ബോയ്സിന് ഫുട്ബോൾ ടൂർണമെന്റും ഗേൾസിന് ഷൂട്ട് ഔട്ട് മത്സരവും സംഘടിപ്പിച്ചു.

### ഫിലിം ഫെസ്റ്റ്

ISKRA College Union അംഗങ്ങളും ബി.എ. ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റും സംയുക്തമായി ഒക്ടോബർ 4ന് വിദ്യാർത്ഥികൾക്കായി സിനിമകൾ പ്രദർശിപ്പിച്ചു.

### തപാൽ ദിനം

2018 ഒക്ടോബർ 11 ന് തപാൽ ദിനത്തിനോടനുബന്ധിച്ച് ISKRA College Union ന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികളെ ആവേശപുരിതമാക്കിയ ലെറ്റർ പോസ്റ്റിങ്ങ് മത്സരം നടന്നു. എല്ലാ വിദ്യാർത്ഥികളും പരിപാടി ആവേശകരമായി ഏറ്റെടുത്തു.

### സ്റ്റുഡന്റ്സ് ഡേ

ISKRA College Union ന്റെ ആഭിമുഖ്യത്തിൽ 2018 ഒക്ടോബർ 16 സ്റ്റുഡന്റ്സ് ഡേയോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് പല രീതിയിലും താല്പര്യമുള്ള Goli game, Cuo paramid game and Baloon game സംഘടിപ്പിച്ചു.

### Halloween Day

ISKRA College Union ഉം B.Sc Department ഉം സംയുക്തമായി ഒക്ടോബർ 28 ന് Halloween ദിനമായി വിദ്യാർത്ഥികൾക്കായി Halloween Challenge, Apple dive, Face painting, Puzzle, Horror short film, Horror tiktok Competition എന്നീ പരിപാടികൾ സംഘടിപ്പിച്ചു.

### കേരളപ്പിറവി

2018 നവംബർ 1ന് ISKRA College Union ഉം Literary club സംയുക്തമായികൊണ്ട് കേരളപ്പിറവി ദിനാഘോഷം കൊണ്ടാടി. കോളേജ് അങ്കണത്തിൽ 'കേരള മാതൃക' ഉണ്ടാക്കിയും കോളേജ് പരിസരം അലങ്കരിച്ച് വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരവും, സംവാദവും സംഘടിപ്പിക്കുകയും മലയാളി മങ്കയെ തിരഞ്ഞെടുക്കുകയും ചെയ്തു.

### Advantum 2018

ISKRA College Union ഉം ED Club ഉം സംയുക്തമായികൊണ്ട് നവംബർ 8 ന് കരയും കായികവും സാഹസികതയും കൂടിചേർന്ന് Advantum എന്ന പേരിൽ Advanture game സംഘടിപ്പിക്കുകയും വിജയികളെ അനുമോദിക്കുകയും ചെയ്തു. ഒരു ദിവസം നീണ്ടുനിന്ന ഗെയിമിൽ എല്ലാ വിദ്യാർത്ഥികളും പങ്കുചേർന്നു.

### കാന്റീൻ സമർപ്പണം

കഠിന പരിശ്രമത്തിനൊടുവിൽ MTM College ന്റെ ചിരകാല സ്വപ്നമായ കാന്റീൻ നവംബർ 29ന് ISKRA College Union വിദ്യാർത്ഥികൾക്ക് വേണ്ടി സഫലമാക്കി. അന്നേ ദിവസം വിദ്യാർത്ഥികൾക്ക് സൗജന്യമായി കട്ടൻ ചായയും മധുരവും നൽകി ആഘോഷിച്ചു.

### പ്രെയർ റൂം

വിദ്യാർത്ഥികളുടെ നിരന്തരമായ ആവശ്യപ്രകാരം ISKRA College Union മാനേജ്മെന്റിനോട് സംസാരിക്കുകയും യൂണിയൻ ചെയർമാന്റെയും വൈസ് ചെയർമാന്റേയും പ്രയത്നത്തിനൊടുവിൽ 2018 നവംബർ 30ന് വിദ്യാർത്ഥികൾക്കായി പ്രെയർ റൂം സമർപ്പിക്കാൻ സാധിച്ചു.

Newyear Celebration

**വനിത മതിൽ**

**ആർട്സ്** "Amogha 2K19''

ISKRA College Union ന്റെ നേതൃത്വത്തിൽ Amogha 2K19 Arts Fest 2019 ജനുവരി 14ന് കോളേജ് ക്യാംപസിൽ സംഘടിപ്പിച്ചു. Arts fest ന്റെ സ്റ്റേജിതര മത്സരങ്ങൾ ഡിസംബർ 13 ഉം ഡിസംബർ 14 ഉം ദിവസങ്ങളിലായി നടന്നു. യൂണിവേഴ്സിറ്റി കലോത്സവ നിയമ പ്രകാരമുള്ള മത്സരങ്ങളിൽ വിദ്യാർത്ഥി കളുടെ നിറഞ്ഞ പങ്കാളിത്തം ശ്രദ്ധേയമായി.

ജനുവരി 14 ന് നടന്ന സ്റ്റേജ് മത്സരങ്ങളുടെ ഉദ്ഘാടനം MTM College Secretery Madam Hava Umma നിർവ്വഹിച്ചു. വിദ്യാർത്ഥികളുടെ കലാപരിപാടികൾക്കുശേഷം സകലകലാശാല എന്ന സിനി മയുടെ Reomoton ന്റെ ഭാഗമായി സിനിമാതാരങ്ങളും എത്തിയപ്പോൾ കാമ്പസ് ഇളകി മറിഞ്ഞു.
സ്പോർട്സ്

ISKRA College Union ന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ കായിക മികവ് തെളിയിക്കുന്നതി നുവേണ്ടി Gyera 2K18 എന്ന പേരിൽ ഡിസംബർ 21 നും 22നും സ്പോട്സ് മാച്ച് സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ ശ്രീ. അബ്ദുൽ ഹമീദ് സർ ഉദ്ഘാടനം ചെയ്തു. Team Over റോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി ചാമ്പ്യൻഷിപ്പ് നേടിയ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

**B Zone**

വിവിധ കോളേജുകളിൽ വെച്ച് നടന്ന ബി സോൺ മത്സരത്തിൽ നമ്മുടെ കലാലയത്തിലെ കൂടുതൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ ISKRA College Union ന് സാധിച്ചു. കബഡി, വോളി ബോൾ, ക്രിക്കറ്റ്, ബാഡ്മിന്റൺ, ഫുട്ബോൾ എന്നീ ഇനങ്ങളിൽ കോളേജിന്റെ പങ്കാളിത്തമുണ്ടായി.

**C Zone**

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വെച്ചു നടന്ന ആർട്സ് ഫെസ്റ്റിവൽ മിമിക്രി, പെൻസിൽ ഡ്രോയി ങ്ങ്, സ്റ്റോറി റൈറ്റിങ്ങ്, ഈസി റൈറ്റിങ്ങ്, ഫോട്ടോഗ്രാഫി എന്നിവയിൽ വിദ്യാർത്ഥികളെ പങ്കെടുപ്പി ക്കാൻ ISKRA College Union ന് സാധിച്ചു. തമിഴ് കഥാരചനയിലും, പ്രബന്ധ രചനയിലും ഒന്നാം സ്ഥാനം നേടി ഫെസ്റ്റ് ഇയർ ബി.എ. വിദ്യാർത്ഥിനി പ്രിയ പ്രഭാകരൻ MTM College ന്റെ പ്രശസ്തി വാനോളം ഉയർത്തി.

**Interzone**

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വെച്ചു നടന്ന Teakowondo മത്സരത്തിൽ MTM College ലെ Teakwondo team നെ പങ്കെടുപ്പിക്കാൻ ISKRA College Union ന് സാധിച്ചു. അതിൽ 4th sem വിദ്യാർത്ഥി ഖലീഫ് ഖഫൂർ ന് Bronze Medal ലഭിക്കുകയും ചെയ്തു.

**കലാജാഥ**

സി.സോൺ കലോൽസവത്തിന്റെ മുന്നോടിയായി MTM College ലെ യു.യു.സി യുടെ നേതൃത്വ ത്തിൽ ശക്തമായ ഇടപെടലുകൾ കൊണ്ട് പൊന്നാനിയുടെ ചരിത്രത്തിലാദ്യമായി കലാജാഥ MTM ന്റെ മണ്ണിലേക്കെത്തി, തുടർന്ന് അവരുടെ കലാപരിപാടികൾ അവതരിപ്പിക്കുകയും കലാകാരന്മാരെ ISKRA College Union ന്റെ നേതൃത്വത്തിൽ ആദരിക്കുകയും ചെയ്തു.

### വാലന്റൈൻസ് ഡേ

ഫെബ്രുവരി 14 വാലന്റൈൻസ് ഡേ ദിനത്തോടനുബന്ധിച്ച് ISKRA College Union ന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്ക് 'മുഹബത്തിന്റെ സുലൈമാനി ' നൽകുകയും ചെയ്തു.

### കൊമേഴ്സ് ഡേ ആന്റ് ഫുഡ് ഫെസ്റ്റ്

ISKRA College Union ന്റെ നേതൃത്വത്തിൽ ആദ്യമായി കൊമേഴ്സ് ഡേയും ഫുഡ്ഫെസ്റ്റും സംഘടിപ്പിച്ചു.

2018 ഫെബ്രുവരി 23 ന് "ISODOS" എന്ന പേരിൽ കൊമേഴ്സ് അസോസിയേഷൻ ഉദ്ഘാടനം Perumpadappu block panchayath President ആറ്റുണ്ണി തങ്ങൾ നിർവഹിച്ചു. അതിനുശേഷം Human resources Consultant രജീഷ് വിദ്യാർത്ഥികൾക്കുവേണ്ടി മോട്ടിവേഷൻ ക്ലാസും നടത്തി. അതിനുശേഷം ഓരോ ക്ലാസിൽ നിന്നും 5 പേരടങ്ങുന്ന ഓരോ ടീമിന്റേയും ഫുഡ് ഫെസ്റ്റും തുടർന്നു. വിദ്യാർത്ഥികളുടെ Ramp Walk ഉം വിജയികളെ അനുമോദിക്കുകയും ചെയ്തു. വിദ്യാർത്ഥികൾ ആവേശപൂർവ്വമാണ് പരിപാടിയെ ഏറ്റെടുത്തത്. വിദ്യാർത്ഥികളുടെ പങ്കാളിത്തം കൊണ്ട് വളരെ വിജയകരമായിത്തന്നെ പരിപാടി നടത്താൻ കഴിഞ്ഞു.

### സമ്മാനദാനം

സി. സോൺ കലോൽസവത്തിൽ തമിഴ് കഥാരചന, പ്രബന്ധരചന, എന്നീ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ഫസ്റ്റ് ഇയർ വിദ്യാർത്ഥിനി പ്രിയാ പ്രഭാകരനും, Interzone Teakowondo മത്സരത്തിൽ വെങ്കല മെഡൽ നേടിയ 2nd year വിദ്യാർത്ഥി Galib Gafoor എന്നീ വിദ്യാർത്ഥികൾക്ക് പൊന്നാടയും ഉപഹാരവും നൽകി. കോളേജ് പ്രിൻസിപ്പൽ ശ്രീ ഹമീദ് സർ ആദരിച്ചു. അതിനുശേഷം ആർട്സ് ഫെസ്റ്റിലെയും സ്പോർട്സിലേയും വിജയികൾക്കുള്ള സമ്മാനദാനവും നടത്തി.

### Womens Day

ISKRA College Union ഉം Women Cell ഉം സംയുക്തമായി മാർച്ച് 8 വനിതാ ദിന പരിപാടികൾ നടത്തി. തൃശ്ശൂർ ശ്രീ കേരള വർമ്മ കോളേജിലെ മലയാള വിഭാഗം അദ്ധ്യാപികയും, യുവ എഴുത്തുക്കാരിയുമായ ശ്രീമതി ദീപാനിഷാന്ത് പരിപാടി ഉദ്ഘാടനം നിർവഹിച്ചു. ഷോർട്ട് ഫിലിം നടി ശ്രീമതി രാധാലക്ഷ്മി മേനോനെ പൊന്നാടയും ഉപഹാരവും നൽകി ആദരിച്ചു. തുടർന്ന് ജനാധിപത്യവും സ്ത്രീ പങ്കാളിത്തവും എന്ന വിഷയത്തിൽ ഡിബേറ്റ് സംഘടിപ്പിച്ചു. കാലിക പ്രസക്തി ഏറെ ഉള്ള വിഷയം ആയതിനാൽ വളരെ ആവേശകരമായി പരിപാടി നടത്താൻ സാധിച്ചു.

### ഫിലിം ഫെസ്റ്റ്

ISKRA College Union നും BA English Department ഉം സംയുക്തമായികൊണ്ട് വിദ്യാർത്ഥികൾക്ക് ഫിലിം ഫെസ്റ്റ് സംഘടിപ്പിച്ചു. ദേശീയ അന്തർദേശീയ പുരസ്കാരം നേടിയ ഒറ്റാൽ, വിധേയൻ എന്നീ സിനിമകൾ പ്രദർശിപ്പിച്ചു.

### വായനാ ദിനം

MTM College യൂണിയന്റെ നേതൃത്വത്തിൽ ജനുവരി 19 വായനാദിനത്തിൽ വിദ്യാർത്ഥികളുടെ വായനാശീലം വളർത്തുന്നതിന്റെ ഭാഗമായി വായനാ മത്സരം സംഘടിപ്പിച്ചു. വിജയികൾക്ക് സമ്മാനം നൽകി പരിപാടി ഗംഭീരമായി നടത്താൻ സാധിച്ചു.

**യോഗാദിനം**

MTM College Union ന്റെ നേതൃത്വത്തിൽ ജൂൺ 21 യോഗാദിനത്തോടനുബന്ധിച്ച് പ്രശസ്ത യോഗ അദ്ധ്യാപകൻ മുഹമ്മദ് റസാഖ് സർ വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം നടത്തുകയും വിദ്യാർത്ഥികൾക്ക് സെൽഫ് ഡിഫെൻസ് ക്ലാസ് സംഘടിപ്പിക്കുകയും ചെയ്തു.

**മറ്റു പ്രവർത്തനങ്ങൾ**

വിദ്യാർത്ഥികൾക്ക് മോട്ടിവേഷന്റെ ഭാഗമായി സെൽഫ് ഡിഫെൻസ് ക്ലാസ് കോളേജ് യൂണിയന്റെ നേതൃത്വത്തിൽ നടന്നു. അതുപോലെ തന്നെ പ്രളയ ദുരന്തത്തിൽ പഠനോപകരണങ്ങൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് SFI MTM VC സമാഹരിച്ചു. പഠനോപകരണങ്ങൾ SFI ജില്ലാ കമ്മറ്റിയെ ഏൽപ്പിക്കാനും ISKRA College Union ന് സാധിച്ചു.

**ക്രിക്കറ്റ് മത്സരം/ Union vs Staff**


കോപ്പ അമേരിക്ക ഫുട്ബോൾ കപ്പിനോട് അനുബന്ധിച്ച് കോളേജിൽ ഷൂട്ടൗട്ട് മത്സരം സംഘടിപ്പിച്ചു. NSC IInd, Bcom B ജേതാക്കളായി. ക്രിക്കറ്റ് വേൾഡ് കപ്പിന്റെ ഭാഗമായി യൂണിയൻ മെമ്പേഴ്സും സ്റ്റാഫും തമ്മിൽ മത്സരം സംഘടിപ്പിച്ചു.

Union vs Staff മത്സരം ആവേശമായതോടെ വിദ്യാർത്ഥികൾ ക്ലാസ്സുകൾ തമ്മിൽ മത്സരം വെക്കണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. യൂണിയൻ വിദ്യാർത്ഥികളോടൊപ്പം കൂടി ക്രിക്കറ്റ് ക്ലാസ്സുകൾ തമ്മിൽ മത്സരം നടത്തി. Bcom A വിജയികളായി.

ഈ കാലയളവിലെ എല്ലാ പ്രവർത്തനങ്ങൾക്കും കൂടെ നിന്ന് സഹകരിച്ച ഏവർക്കും അകൈതവമായ നന്ദി അറിയിക്കുന്നതോടൊപ്പം ഏവരുടേയും അനുവാദത്തോടെയും അനുഗ്രഹത്തോടെയും 2018 – 2019 അദ്ധ്യയന വർഷത്തെ 'ISKRA' കോളേജ് യൂണിയന്റെ ഈ പ്രവർത്തന റിപ്പോർട്ട് ഇവിടെ സമർപ്പിക്കുന്നു.



**ഷിറോഷ് കെ. ബി.**
ജനറൽ സെക്രട്ടറി



# UNION MEMBERS



IRSHAD K.
Chairman



ASHIK N. P.
Union Advisor



NESLI JASMIN P. M.
Vice - Chairman



SHIROSH K.B.
General Secretary



SNEHA C.M.
Joint Secretary



SUDEV A. P.
U U C



MUHAMMED UWAYZ O.O.
Fine Arts Secretary



NIDHEESH DHANRAJ T.
Magazine Editor



UMMAR SAFWAN
General Captain



MISHAL
Association Secretary
Dept. of Commerse



ABDUL RASIK BIN
Association Secretary
Dept. of English



BACKER SHAN
Association Secretary
Dept. of Computer Science



ZAMZAM K.S.
Final Year
Representative



RAHEESH
Second Year
Representative



MOHAMED RASHID M.M.
First Year
Representative


PVK
MENS WEAR
N/E/V/E/R
MIND
T/H/E
F/U/T/U/R/E
City Centre Building
Hospital Road, Maranchery
Near : MDC BANK
Mob : 9142107707


pvkenterprises
Our Services: Pancard Service, PVC CARD Printing,
Polymer Seal, Self Ink Stamps,
Studio Material Supply,
Lamination Pouch Supply,
Driving License To ATM Card Model
Mug Printing
SAMPLE
SAMPLE


pvkcards
Hospital Road, Near Thriveni Supermarket
MARANCHERY, Mob : 9072332707
വിവാഹ ക്ഷണക്കത്തുകളുടെ വിപുലമായ ശേഖരം
എല്ലാവിധ പ്രിന്റിംഗ് വർക്കുകളും
ഉത്തരവാദിത്വത്തോടുകൂടി ചെയ്തുകൊടുക്കുന്നു




2018
ഒക്ടോബർ
27
MTM
college union
Inauguration
ഉദ്ഘാടനം:
ശ്രീ.പി.ശ്രീരാമകൃഷ്ണൻ
(ബഹു.നിയമസഭ സ്പീക്കർ)
റഫീക്ക് ഫാലപ്പെട്ടി, ഫർഷാദ് ചെമ്മണ്ണൂർ
കലാപ്രതിഭകളെ ആദരിക്കൽ:
ശ്രീ.പി.എം ആറ്റുണ്ണിതങ്ങൾ
(പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്)
Special Programme
DJ EVE
DJ CHARLES
(Award winner of Best Dj in Kerala by EMAK)








MTM
college union
Inauguration
RUBY
SOUND


MTM
college union
Inauguration
RUBY
SOUND


ISKRA
college union 2018-19
RUBY
SOUND






SKRA


Special Programme
DJ EVE
DJ CHARLES
(Award winner of Best Dj in Kerala by EMAK )
...............ഏവർക്കും സ്വാഗതം.............


























MTM COLLEGE
VELIYANCODE, PAZHANJI
ഗ്രാന്മ കോളേജ് യൂണിയൻ സംഘടിപ്പിക്കുന്ന
Zest 2K17
(ANUAL SPORTS MEET)
ഏവർക്കും സ്വാഗതം
BOLT
JAMAICA




GAME
YOU COULDN'T HANDLE ME




MTM COLLEGE
VELIAMCODE


MTM COLLEGE
VELIYANCODE, PAZHANJI
ഗ്രാന്മ കോളേജ് യൂണിയൻ സംഘടിപ്പിക്കുന്ന
Zest 2K17
(ANUAL SPORTS MEET)
ഏവർക്കും സ്വാഗതം

















Be BriAb 2k19
PRIYA PRABHAKARAN
പ്രബന്ധരചന (തമിഴ്) ഒന്നാം സ്ഥാനം
MTM College of Arts Science & Commerce Veliyancode -ന്റെ
അഭിനന്ദനങ്ങൾ
ISKRA
COLLEGE UNION
presents
Amogha
ARTS FEST 2K19
all are Welcome...
RUBY SOUND

JISHAN : - 9746713559
8921574940

# RUBY
## EVENTS

Wedding Planner &
Entertainment Programs

Andathode,Thangalpadi
679564

https://www.facebook.com/Ruby-Sound-Events-1066617640135754/




INTERNATIONAL WOMEN'S DAY CELEBRATION
INAUGURATION BY
ശ്രീമതി : ദീപാ നിശാന്ത്
സാത്വിക
WOMEN DEVELOPMENT COUNCIL
M.T.M COLLEGE OF ARTS ,SCIENCE & COMMERCE
VELIYANCODE

MTM
8 March
College Union
presents
WOMEN'S DAY
Celebrations













# SINAN JEWELLERY

VELIANCODE

**SHOWKATHALI**
**Ph : 0494 2678232**
**9037 898 990**

# SINAN TRADERS

**SHOWKATHALI**
**9037 898 990**
**7736 733 638**

Ground floor, Rahman complex
opp.south indian bank,
Veliancode-679576


MTM COLLEGE
VELIYANCODE
ISKRA COLLEGE UNION
PRESENTS
FOOD FEST

ഈ യാത്ര അതിന്റെ പൂർണ്ണതയിലെത്തിയിരിക്കുന്നു.
പുതിയ അനുഭവങ്ങളും കാഴ്ചകളും അറിവുകളും നേടികൊണ്ടുതന്നെ ഈ മാഗസിൻ
കോളേജിൽ പഠിച്ചിറങ്ങിയവരുടെയും പഠിക്കുന്നവരുടേയും സ്വപ്നസാക്ഷാത്ക്കാരമാവട്ടെ.
സമൂഹത്തിലെ അനീതികളും അക്രമങ്ങളും അവകാശങ്ങളും നിങ്ങൾ ഇതിലൂടെ ഉന്നയിച്ചു.
മാഗസിന് ഒരുപാട് പേരുടെ കഷ്ടപ്പാടുണ്ട്. അതിൽ കൂടുതൽ പ്രചോദനം നൽകിയ
പ്രിയപ്പെട്ട ഉണ്ണിസാറിനും ഒപ്പം നടന്ന് എല്ലാത്തിനും കൂടെയുണ്ടായിരുന്ന
പ്രിയ സഖാക്കൾക്കും പ്രോത്സാഹനം നൽകി എല്ലാ കാര്യങ്ങൾക്കും
എന്റെ കൂടെ ഉണ്ടായിരുന്ന ചെയർമാൻ ഇർഷാദിനും
മറ്റു യൂണിയൻ ഭാരവാഹികൾക്കും പ്രിയ അധ്യാപകർക്കും
കൂടാതെ സർഗ്ഗ സൃഷ്ടികൾ സമ്മാനിച്ച സഹയാത്രികരായ
പ്രിയ വിദ്യാർത്ഥി സുഹൃത്തുക്കൾക്കും സ്നേഹംകൊണ്ട് ഈ യാത്രയ്ക്ക്
സർവ്വ മംഗളങ്ങളും നേർന്ന സുമനസ്സുകൾക്കും നന്ദി,

സ്നേഹപൂർവ്വം

നിങ്ങളുടെ എഡിറ്റർ

നിധീഷ് ടി.






# Our Principal and Faculty Members



# Magazine Committee




M T M COLLEGE